## പതിനൊന്നാം കേരള നിയമസഭ

### ആറാം സമ്മേളനം

2003 ജൂൺ 18–ാം തീയതി ബുധനാഴ്ച

വാങ്മൂലം മറുപടി നൽകേണ്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ –30)

**61. അബ്കാരി നയം**
**62. പൊതുവിതരണ സംപ്രദായം മെച്ചപ്പെടുത്താൻ നടപടി**
**63. എ.ഡി.ബി. യുമായി സംസ്ഥാന സർക്കാർ ഉാക്കിയ കരാറിലെ വ്യവസ്ഥകൾ**
**64. കയർ വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണാൻ സ്വീകരിച്ച നടപടികൾ**
**65. സെയിൽസ്ടാക്സ് ചെക്ക് പോസ്റ്റുകൾ**
**66. കൃഷിസ്ഥലത്തിന്റെ വിസ്തൃതി കുറയുന്നത് തടയാൻ നടപടി**
**67. ശബരിമല തീർത്ഥാടനം രസകരവും സുഖകരവുമാക്കാൻ നടപടി**
**68. ഓൺലൈൻ ലോട്ടറി ആരംഭിക്കുന്നതിനുള്ള നടപടി**
**69. കയർമേഖലയുടെ വികസനത്തിനു നടപടി**
**70. വാല്യു ആഡഡ് ടാക്സ് സമ്പ്രദായം**
**71. മൂല്യവർദ്ധിത നികുതിസമ്പ്രദായത്തിന്റെ ദോഷഫലങ്ങൾ**
**72. എ.ഡി.ബി. വായ്പയുടെ വിനിയോഗം**
**73. മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് ഇൻഷ്വറൻസ് കമ്പനിയുടെ സഹായത്തോടെ നടപ്പാക്കാൻ പദ്ധതി**
**74. ജൈവളത്തിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കാൻ നടപടി**
**75. ദേശസാൽകൃത ബാങ്കുകളുടെ നിക്ഷേപ വായ്പ**
**76. ഭക്ഷ്യ എണ്ണ ഇറക്കുമതി**
**77. ആന്ത്രാക്സ് രോഗബാധയ്ക്കെതിരെ സ്വീകരിച്ച പ്രതിരോധ നടപടികൾ**
**78. വനസംരക്ഷണവും വന ഓർഡിനൻസും**
**79. കയറുൽപ്പന്നങ്ങളുടെ കയറ്റുമതി വർദ്ധിപ്പിക്കാൻ നടപടി**
**80. ചന്ദന മാഫിയകളുടെ പ്രവർത്തനം തടയുന്നതിന് സ്വീകരിച്ച നടപടി**
**81. മദ്യവിരുദ്ധ പ്രസ്ഥാനങ്ങൾക്ക് പ്രോൽസാഹനം**
**82. വിദേശ മദ്യ നയം**
**83. കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച കയറ്റിറക്കുമതി നയം**
**84. വ്യാജമദ്യ വിൽപ്പന തടയുന്നതിനുള്ള നടപടി**
**85. മൂല്യവർദ്ധിത നികുതി (വാറ്റ്) സമ്പ്രദായം നടപ്പിലാക്കാത്തതുകൊണ്ട് നികുതി പിരിവിൽ വരുത്താനുദ്ദേശിക്കുന്ന മാറ്റങ്ങൾ**
**86. സർക്കാർ ജീവനക്കാരുടേയും അദ്ധ്യാപകരുടേയും ശമ്പളപരിഷ്ക്കരണം**
**87. കാർഷികമേഖലയുടെ സമഗ്രപുരോഗതിക്കുള്ള നടപടികൾ**
**88. പഴം-പച്ചക്കറികളുടെ കയറ്റുമതി**
**89. ഫോറിൻ ഡയറക്ട് ഇനത്തിലുള്ള നിക്ഷേപം**
**90. വനങ്ങളിൽ വീണുകിടന്നു നശിക്കുന്ന തടികൾ**

### അബ്കാരി നയം

61. ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. ടി. പി. രാമകൃഷ്ണൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003–04 – ൽ സർക്കാർ പ്രഖ്യാപിച്ച അബ്കാരി നയത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(ബി) സർക്കാർ പ്രഖ്യാപിച്ച അബ്കാരി നയം, മദ്യനിരോധനം ഘട്ടം ഘട്ടമായി ഏർപ്പെടുത്തുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് പര്യാപ്തമാണ് എന്ന് കരുതുന്നുണ്ടോ;

(സി) വിദേശ്യമദ്യ വിൽപ്പനകേന്ദ്രങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതും പുതുതായി ബാറുകൾക്ക് ലൈസൻസ് നൽകിയതും മദ്യത്തിന്റെ ഉപയോഗം വർദ്ധിപ്പിക്കുവാൻ ഇടയാക്കിയിട്ടുണ്ടെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) 2003–04–ലെ അബ്കാരി നയത്തിൽ നിലവിലുള്ള ലൈസൻസ് സമ്പ്രദായത്തിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ;

(ഇ) സർക്കാർ പ്രക്യാപിച്ച മദ്യനയം സംസ്ഥാനത്ത് പ്രവർത്തിക്കുന്നകള്ളു ഷാപ്പുകളെ പ്രതികൂലമായി ബാധിച്ചിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) കഴിഞ്ഞ തവണ പ്രവർത്തിച്ചിരുന്ന എത്ര ഷാപ്പുകളാണ് ഇത്തവണ ലൈസൻസ് പുതുക്കി നൽകിയിട്ടുള്ളതെന്നും എത്ര ഷാപ്പുകൾ ഇനിയും ഏറ്റെടുക്കാൻ ആളില്ലാതെയുണ്ടെന്നും വെളിപ്പെടുത്തുമോ;

(ജി) ഏറ്റെടുക്കാനാളില്ലാതെ കിടക്കുന്ന ഷാപ്പുകളെ സംബന്ധിച്ച് സർക്കാർ എന്തെങ്കിലും തീരുമാനം എടുത്തിട്ടുമ്ടോ; എങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

**ശ്രീ .കെ.ശങ്കര നാരായണൻ (ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി) :-**

(എ)മദ്യനിരോധനം ഘട്ടം ഘട്ടമായി നടപ്പിലാക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് സർക്കാർ മദ്യനയത്തിന് രൂപം നൽകിയിരിക്കുന്നത്. 2003–2004 ലെ അബ്കാരി നയത്തിലെ ഉദ്ദേശ–ലക്ഷ്യങ്ങളിൽ മുഖ്യമായവ താഴെച്ചേർക്കുന്നു.

1. കള്ളു ഷാപ്പുകളുടെ എണ്ണം പരിമിതപ്പെടുത്തുക.
2. റേഞ്ചടിസ്ഥാനത്തിൽ ഷാപ്പുകൾ മൊത്തമായി ലേലത്തിൽ പിടിച്ച് അഴിമതി കാണിക്കുന്ന വൻകിട കോൺട്രാക്ടർമാരെ ഒഴിവാക്കുക.
3. ഇടത്തരക്കാർക്കും തൊഴിലാളികൾക്കും ഈ വ്യവസായത്തിൽ അവസരം നൽകുക.
4. കള്ളു ഷാപ്പ് തൊഴിലാളികളേയും അബ്കാരി തൊഴിലാളികളേയും കഴിയാംവണ്ണം പുനരധിവസിപ്പിക്കുക.
5. വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുക.
6. വ്യാജ മദ്യത്തിനെതിരെ ബോധവൽക്കരണം നടത്തുന്ന സംഘടനകൾക്ക് ധനസഹായം നൽകുക.
7. വ്യാജ മദ്യവില്പന തടയുക.
8. ശുദ്ധമായ മദ്യത്തിന്റെ ലഭ്യത ഉറപ്പ് വരുത്തുക.
9. ബാർ ലൈസൻസുകളുടെ വ്യാപാരം മാത്രം ലക്ഷ്യമാക്കിയിട്ടുള്ള കൈമാറ്റം തടയുക തുടങ്ങിയവ.

(ബി) പര്യാപ്തമാണെന്ന് കരുതുന്നു.

(സി) ഉണ്ട്. മാത്രമല്ല വ്യാജ മദ്യത്തിന്റെ ഒഴുക്ക് ഈ ലൈസൻസുകൾ മുഖേനെ ഒരു പരിധി വരെ തടയാൻ സാധിച്ചിട്ടുണ്ട് എന്നാണ് കരുതുന്നത്.

(ഡി) മാററമൊന്നും വരുത്തിയിട്ടില്ല.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) കഴിഞ്ഞ തവണ പ്രവർത്തിച്ചിരുന്ന 3948 ഷാപ്പുകൾക്ക് ലൈസൻസ് പുതുക്കി നൽകിയിട്ടുണ്ട്. 408 ഷാപ്പുകൾ വില്പനയ്ക്ക് അവശേഷിക്കുന്നുണ്ട്.

(ജി) അവശേഷിക്കുന്ന 408 ഷാപ്പുകൾ കള്ള് ഷാപ്പ് തൊഴിലാളികൾ രൂപീകരിക്കുന്ന സമിതികൾക്ക് ഒരു നോമിനൽ തുകയായ 500 രൂപ റെന്റൽ ആയി നിശ്ചയിച്ച് വില്പന നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

## പൊതുവിതരണ സംപ്രദായം മെച്ചപ്പെടുത്താൻ നടപടി

62. ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മുറപടി നൽകുമോ :

(എ) പൊതുവിതരണ സമ്പ്രദായം കാര്യക്ഷമമാക്കുന്നതിനും നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിനുമായി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സ്വീകരിച്ച നടപടികളുടെ ഭാഗമായി വില വർദ്ധനവ് കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് പൊതു വിതരണ സമ്പ്രദായം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളതെന്ന് വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീ. ജി.കാർത്തികേയൻ (ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പു മന്ത്രി.)**

(എ) ഫുഡ് കോർപ്പറേഷൻ വഴി ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങൾ പരിശോധിച്ചിതരണ യോഗ്യമാണെന്ന് ഉറപ്പ് വരുത്താിയ ശേഷമേ റേഷൻകടകൾ വഴി വിതരണം നടത്താവൂ എന്നും ഗുണനിലവാരം ഇല്ലാത്ത ഭക്ഷ്യ ധാന്യങ്ങൾ ഒരു കാരണവശാലും വിതരണത്തിനെടുക്കരുതെന്നും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.ഗുണനിലവാരമുള്ള ഭക്ഷ്യധാന്യങ്ങൾ മാത്രം വിതരണം ചെയ്യണമെന്ന് കേന്ദ്ര സർക്കാരിനോടും ഫുഡ്കോർപ്പേഷനോടും നിരന്തരം ആവശ്യപ്പെടുന്നുമുണ്ട്.റേഷൻ കടകൾ നിശ്ചിത സമയം മുഴുവൻ തുറന്ന് പ്രവർത്തിക്കണമെന്നും സ്റ്റോക്കും വിലവിവരവും പ്രദർശിപ്പിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

റേഷൻ വ്യാപാരികൾക്ക് പൊതു വിതരണരംഗത്ത് മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നതിന് സഹായകമാം വിധം അവരുടെ കമ്മീഷനിൽ അടുത്ത കാലത്ത് വർദ്ധനവ് വരുത്തുകയുണ്ടായി.പൊതുവിതരണ രംഗത്ത് മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്നതിനായി സിവിൽ സപ്ളൈസ് കോർപ്പറേഷന്റെ പ്രവർത്തനവും നവീകരിച്ച് വരികയാണ്.അതിന്റെ ഭാഗമായി സംസ്ഥാനത്ത് തെരഞ്ഞെടുക്കപ്പെട്ട 100 മാവേലി സ്റ്റോറുകളെ . ''ലാഭം'' മാർക്കററുകളായി മാറ്റുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ജനങ്ങൾക്കാവശ്യമായ പ്രധാനപ്പെട്ട എല്ലാ നോൺമാവേലി സാധനങ്ങളും ലാഭം മാർക്കറ്റുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. നിത്യോപയോഗ സാധനങ്ങൾ സപ്ലൈക്കോയുടെ മാവേലി സ്റ്റോറുകളിലൂടെ ഓരോ മാസവും സർക്കാർ നിശ്ചയിക്കുന്ന സബ്സിഡൈസ്ഡ് വിലയിൽ വിതരണം ചെയ്ത് വരുന്നു. കൂടാതെ സംസ്ഥാനത്ത് മാവേലിസ്റ്റോർ നിലവിലില്ലാത്ത എല്ലാ പഞ്ചായത്തുകളിലും ഓരോ മാവേലി സ്റ്റോർ പ്രവർത്തനം ആരംഭിക്കുവാനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

ഇതിനുപുറമെ ഉൽസവകാലങ്ങളിൽ പൊതുവിപണിയിൽ ഉണ്ടാകാനിടയുള്ള വിലക്കയറ്റത്തെ ഒരു പരിധിവരെ തടഞ്ഞുനിർത്തുവാനായി പൊതുകമ്പോളങ്ങളിൽ ഇടപെടുക എന്ന ലക്ഷ്യത്തോടുകൂടി സിവിൽസപ്ലൈസ് കോർപ്പറേഷൻ സംസ്ഥാനത്തൊട്ടാകെ ഓണം, റംസാൻ, ക്രിസ്തുമസ് ഫെയറുകളും ചന്തകളും സംഘടിപ്പിച്ചുവരുന്നുണ്ട്.

ലോറി സമരം പോലുള്ള അടിയന്തിര ഘട്ടങ്ങളിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഇടപെട്ട് അന്യ സംസ്ഥാനങ്ങളിൽനിന്നും പച്ചക്കറികൾ വാങ്ങി കുറഞ്ഞ വിലയ്ക്ക് പൊതുജനങ്ങൾക്ക് വിതരണം ചെയ്യാറുണ്ട്.

(ബി) നിത്യോപയോഗ സ്ഥാപനങ്ങൾ സിവിൽസപ്ലൈസ് കോർപ്പറേഷന്റെ കേരളത്തിലുടനീളമുള്ള വിതരണ ശൃംഖല വഴി വിതരണം ചെയ്ത്കൊണ്ട് കമ്പോള വില വർദ്ധനവ് ഒരു പരിധിവരെ പിടിച്ചുനിർത്തുവാൻ കഴിഞ്ഞിട്ടുണ്ട്. പതിനാറ് നിത്യോപയോഗ സാധനങ്ങളുടെ കഴിഞ്ഞവർഷം മാർച്ച് ഏപ്രിൽ മേയ് എന്നീ മാസങ്ങളിലേയും ഈ വർഷം മാർച്ച് ഏപ്രിൽ മേയ് മാസങ്ങളിലേയും വില വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.

(സി) റേഷൻ കടകൾവഴി വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം നിലനിർത്തുവാനും വിതരണത്തിലെ പോരായ്മകൾ പരിഹരിക്കുന്നതിനും വേണ്ട ജാഗ്രത പുലർത്തുന്നതാണ്. പൊതുവിതരണ സമ്പ്രദായം മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാനത്ത് മുഴുവൻ പഞ്ചായത്തുകളിലും ഓരോ മാവേലി സ്റ്റോർ ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സംസ്ഥാനത്ത് കൂടുതൽ ലാഭം മാർക്കറ്റുകളും ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പൊതുവിതരണം കാര്യക്ഷമവും

സുതാര്യവും ആക്കുന്നതിന്റെ ഭാഗമായി സിവിൽ സപ്ലൈസ് വകുപ്പ് കമ്പ്യൂട്ടർ വൽക്കരിക്കുന്നതിനുള്ള നടപടികളും കൈക്കൊണ്ട് വരുന്നു.

## എ.ഡി.ബി. യുമായി സംസ്ഥാന സർക്കാർ ഉണ്ടാക്കിയ കരാറിലെ വ്യവസ്ഥകൾ

63. ശ്രീ. കെ. പി. രാജേന്ദ്രൻ :

ശ്രീ. എൻ. രാജൻ :

ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റിന് എ.ഡി.ബി. യിൽ നിന്നും ലഭിച്ച വായ്പാ തുക എത്രയാണ്;

(ബി) ഈ വായ്പ ലഭിക്കുന്നതിന് എ.ഡി.ബി. യുമായി സംസ്ഥാന സർക്കാർ ഉണ്ടാക്കിയ കരാറിലെ പ്രധാനപ്പെട്ട വ്യവസ്ഥകൾ എന്തൊക്കെയാണ്;

(സി) എന്തെല്ലാം ആവശ്യങ്ങൾക്ക് വേണ്ടിയാണ് ഈ വായ്പ ഉപയോഗപ്പെടുത്തുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) എ. ഡി. ബി. യുമായി ഒപ്പുവച്ച കരാറിലെ ഏതൊക്കെ വ്യവസ്ഥകളാണ് സർക്കാർ നടപ്പിലാക്കിയെതെന്നും, അതിനായി സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ എന്തൊക്കെയെന്നും വിശദമാക്കുമോ;

(ഇ) എ.ഡി.ബി. വായ്പ ലഭിച്ചതിനുശേഷം സംസ്ഥാനത്തെ സാമ്പത്തിക സ്ഥിതിയിൽ ഉണ്ടായ മാറ്റങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

**ഉത്തരം**

**കെ. ശങ്കരനാരായണൻ ( ധനകാര്യ എക്സൈസ് വകുപ്പു മന്ത്രി):-**

(എ) 125 മില്യൺ ഡോളർ (601.30 കോടി രൂപ)

(ബി) അനുബന്ധം ഒന്നായി കൊടുത്തിട്ടുള്ള ലോൺ എഗ്രിമെന്റിൽ വ്യവസ്ഥകൾ കാണാവുന്നതാണ്.

(സി) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന സാമ്പത്തിക പരിഷ്ക്കരണങ്ങൾക്കും ഗവൺമെന്റിന്റെ ആധുനീകരണത്തിനും വേണ്ടിയാണ് വായ്പ ഉപയോഗിക്കുന്നത്.

(ഡി) അനുബന്ധം 2 ആയി കൊടുത്തിട്ടുള്ള പോളിസി മാട്രിക്സിലെ 2-ാം കോളത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കിക്കഴിഞ്ഞു.

(ഇ) വായ്പകൊണ്ട് സാമ്പത്തിക സ്ഥിതിയിൽ മാറ്റംവരാൻ സമയമാകുന്നതേയുള്ളു.

## കയർ വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണാൻ സ്വീകരിച്ച നടപടികൾ

64. ശ്രീ. പിരപ്പൻകോട് മുരളി :

ശ്രീ. ടി. കെ. ദേവകുമാർ :

ശ്രീ. കെ. വി. കുഞ്ഞിരാമൻ :

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കയർ വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കയർ തൊഴിലാളി സമരത്തെ തുടർന്ന് സർക്കാരും ബന്ധപ്പെട്ട ട്രേഡ് യൂണിയൻ പ്രതിനിധികളുമായി ഉണ്ടാക്കിയ ഒത്തുതീർപ്പു വ്യവസ്ഥകൾ എന്തൊക്കെയായിരുന്നു. പ്രസ്തുത ഒത്തുതീർപ്പു വ്യവസ്ഥകളിൽ ഏതെല്ലാം ഇതിനകം നടപ്പിലാക്കി എന്ന് വ്യക്തമാക്കുമോ;

(സി) അടച്ചിട്ടിരിക്കുന്ന പ്രൈമറി കയർ സഹകരണ സംഘങ്ങൾ പുനരുദ്ധരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) കയർ മാറ്റ്സ് ആന്റ് മാറ്റിംഗ് സൊസൈറ്റികൾ നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) മാറ്റ്സ് ആന്റ് മാഅററിംഗ് സൊസൈറ്റികൾക്ക് അവരുടെ ശരാശരി വിലുയടെ പത്ത് ശതമാനം എം.ഡി.എ. കൊടുക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ എന്നു മുതൽ നൽകുമെന്ന് വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീമതി. കെ.ആർ. ഗൗരിയമ്മ(കൃഷിയും കയറും വകുപ്പു മന്ത്രി):-**

(എ) കയർ വ്യവസായമേഖല നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിനായി ജനപ്രതിനിധികളും കയറ്റുമതിക്കാർ ചെറുകിട കയറുൽപാദകർ ട്രേഡ് യൂണിയനുകൾ തുടങ്ങിയവയുടെ പ്രതിനിധികളും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുമായി

കൃഷിയും കയറും വകുപ്പു മന്ത്രിയുടേയും തൊഴിൽ വകുപ്പു മന്ത്രിയുടേയും ആഭിമുഖ്യത്തിൽ മൂന്ന് തവണ ചർച്ച നടത്തി. ചർച്ചയിലുരുത്തിരിഞ്ഞ തീരുമാനങ്ങളിൻമേൽ മേൽനടപടി സ്വീകരിച്ചുവരുന്നു.

ചകിരിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനുവേണ്ട നടപടികൾ പരിഗണിച്ചുവരുന്നു. താഴെപറയുന്ന പദ്ധതികളും സർക്കാർ നടപ്പാക്കി വരുന്നു. കെട്ടിക്കിടക്കുന്ന കയറും കയറുൽപ്പന്നങ്ങളും വിറ്റഴിക്കുന്നതിന് ഡിസ്ട്രസ്സ് പർച്ചേസ് പദ്ധതി നടപ്പാക്കി.

ചകിരിയുടെ അഭാവം പരിഹരിക്കുന്നതിനായി ഡി ഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്ന സ്വകാര്യ മേഖലയിലെ സംരംഭകർക്കുകൂടി സാമ്പത്തിക സഹായം നൽകുന്ന പദ്ധതി ഈ സാമ്പത്തിക വർഷം ആവിഷ്ക്കരിച്ചിട്ടുണ്ട്. കയർ ഭൂ വസ്ത്ര പരിപാടി ഊർജ്ജിതമായി നടപ്പാക്കിവരുന്നു.

വൈവിധ്യമാർന്നതും ഗുണമേൻമയുള്ളതുമായ കയറുൽപന്നങ്ങൾക്ക് രൂപം നൽകുന്നതിനായി കമ്പ്യൂട്ടർ എയിഡഡ് ഡിസൈൻ സെന്ററുകൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകി.

ചെറുകിട കയർ ഉൽപാദകർക്കായി പൊതുസൗകര്യസേവന കേന്ദ്രങ്ങൾ ആരംഭിക്കുന്ന പദ്ധതി പ്രകാരം ഒരു സേവനകേന്ദ്രത്തിനായി 50 ലക്ഷം രൂപ അനുവദിച്ചു.

കയർ വ്യവസായ മേഖലയിൽ നിയന്ത്രിത യന്ത്രവൽക്കരണം നടപ്പിലാക്കി വരുന്നു.

കയർമേഖലയിൽ ഗവേഷണം വിപുലീകരിക്കുന്നതിന് സി ഡോട്ട് വഴി ധനസഹായം നൽകുന്നു. കയർ മേഖലയിൽ ദേശിയതല ഗവേഷണ കേന്ദ്രം സ്ഥാപിക്കാൻ നടപടിയെടുത്തുവരുന്നു.

കയർമേഖലയെക്കുറിച്ച് ഒരു സമഗ്ര പഠനം നടത്തി വരുന്നു.

നിർത്തലാക്കിയ റിബേറ്റ് സ്കീമിനു പകരം എം.ഡി.എ. ഏർപ്പെടുത്തി.

നിർത്തലാക്കിയ എം.ഇ.പി. പുനസ്ഥാപിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

കേരള കയർ തൊഴിലാളിക്ഷേമനിധി ബോർഡ് മുഖേന താഴെപറയുന്ന ക്ഷേമപദ്ധതികളും നടപ്പാക്കി വരുന്നു. സ്ത്രീ തൊഴിലാളികൾക്ക് ാട്ടുകൾ വിതരണം ചെയ്യുന്നതിനും പരിശീലനം നൽകുന്നതിനുമുള്ള പദ്ധതി, പ്രത്യേക കേന്ദ്ര സഹായത്തിന്റെ ഭാഗമായി ലഭിച്ച തുക ഉപയോഗിച്ച് സ്ത്രീ തൊഴിലാളികൾക്ക് പരിശീലനം നൽകുന്ന പദ്ധതി സാനിട്ടേഷൻ, വീട് വൈദ്യുതീകരിക്കൽ എന്നിവയിൽ ധനസഹായം നൽകുന്ന പദ്ധതി.

(ബി) ടി വ്യവസ്ഥകളുടെ ഒരു പ്രതി അനുബന്ധമായി ചേർത്തിട്ടുണ്ട്. കയറിന്റെ പർച്ചേസ് പ്രൈസ് നിശ്ചയിക്കുന്നതിന് സംസ്ഥാന സർക്കാരിന് അധികാരമുണ്ടോ എന്ന കാര്യം നിയമവകുപ്പുമായി പരിശോധിച്ച് മറുപടി നൽകി. വിപണിക്കാവശ്യമായ കയർ എല്ലാ സംഘങ്ങളും ഉൽപാദിപ്പിക്കുന്നതിനുള്ള പരിശീലനം സി. ഡോക്ട് വഴി നൽകാൻ തീരുമാനിച്ചു. പുനരുദ്ധരിക്കാവുന്ന സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള നിർദ്ദേശം നൽകാൻ കയർ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. സഹകരണസംഘങ്ങൾക്കുള്ള ഓഡിറ്റ് ഫീസ് കുറയ്ക്കുന്നതിന് സഹകരണ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ക്ഷേമനിധി ബോർഡ് പുനസംഘടന സർക്കാരിന്റെ പരിഗണനയിലാണ്. എം.ഡി.എ. ചട്ടങ്ങൾ ഭേദഗതി വരുത്തി ഉത്തരവായി.

(സി) പുനരുദ്ദരിക്കാവുന്ന കയർ സഹകരണ സംഘങ്ങളെ പ്രവർത്തനക്ഷമമാക്കുന്നതിന് ധനസഹായം നൽകുന്നതിന് ഒരു പദ്ധതി നിലവിലുണ്ട്.

(ഡി) കയർ കയറ്റുമതിക്കാർ ഇത്തരം സംഘങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് ഓർഡർ നൽകണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) ചില നിബന്ധനകൾക്ക് വിധേയമായി മൂന്ന് മുൻവർഷങ്ങളിലെ വിറ്റുവരവിന്റെ 10% ആണ് എം.ഡി.എ. ആയി അനുവദിക്കാൻ ഉത്താരവായിട്ടുണ്ട്.

## <u>സെയിൽസ്ടാക്സ് ചെക്ക് പോസ്റ്റുകൾ</u>

65. ശ്രീ. എ. കെ. മണി :
ശ്രീ. പി. ടി. തോമസ് :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തമിഴ്നാട്ടിൽ നിന്നും കർണ്ണാടകയിൽ നിന്നും സംസ്ഥാനത്തേക്ക് പ്രവേശിക്കുന്ന ഏതെല്ലാം റോഡുകളിൽ സെയിൽസ്ടാക്സ് ചെക്ക് പോസ്റ്റുകൾ സ്ഥാപിച്ചിട്ടുണ്ട്;

(ബി) ഈ സംസ്ഥാനങ്ങളിൽോ നിന്നും കേരളത്തിൽ പ്രവേശിക്കുന്നതിനുള്ള മഅററു റോഡുകളിൽ സെയിൽസ്ടാക്സ് ചെക്ക് പോസ്റ്റുകൾ സ്ഥാപിക്കാത്തതെന്തു കൊണ്ടാണെന്ന് വിശദീകരിക്കുമോ?

**<u>ഉത്തരം</u>**

**ശ്രീ. കെ. ശങ്കരനാരായണൻ( ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി):-**

(എ) തമിഴ്നാട്ടിൽ നിന്നും കർണ്ണാടകയിൽ നിന്നും സംസ്ഥാനത്തേക്ക് പ്രവേശിക്കുന്ന താഴെ പറയുന്ന 53 സ്ഥലങ്ങളിൽ ചെക്ക് പോസ്റ്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

(1) അമരവിള
(2) ടൈൽസ് ഫാക്ടറി
(3) പെരുംപഴുതൂർ
(4) പെരുംകടവിള
(5) കള്ളിക്കാട്
(6) മണ്ഡപത്തിൻകടവ്
(7) കഞ്ചുംപഴിഞ്ഞി
(8) ഉച്ചക്കട
(9) നെയ്യാർഡാം
(10) ആര്യൻകാവ്
(11) അച്ചൻകോവിൽ
(12) കുമിളി
(13) കുംപംമേട്
(14) ബോസിമേസ്
(15) ചിന്നാർ
(16) തുംപൂർമൂഴി
(17) വാളയാർ
(18) മറ്റത്തുംകാട്
(19) ഗോവിന്ദപുരം
(20) മീനാക്ഷിപുരം
(21) വി.കെ. റോഡ്
(22) ഗോപാലപുരം
(23) അഞ്ചാംമൈൽ
(24) നടുപ്പുണ്ണി
(25) നാട്ടുക്കൽ(വെള്ളോറ)
(26) വേലൻ താവളം
(27) മേനോൻപാടി
(28) അത്തിക്കോട്
(29) ആനമുള്ളി
(30) വഴിക്കടവ്
(31) അഴിയൂർചുങ്കം
(32) മുത്തങ്ങ
(33) കററ്റിക്കുളം 1
(34) കററ്റിക്കുളം 2
(35) വടുവൻചാൽ
(36) താജൂർ
(37) നൂൽപുഴ
(38) കൂട്ടുപ്പുഴ
(39) മെക്കുന്ന്
(40) പെററ്റ
(41) പാറാൾ
(42) കച്ചേരിക്കടവ്
(43) ന്യൂമാഹി
(44) ബംഗരമഞ്ചേശൂർ
(45) പെരള
(46) ആദൂർ
(47) ബെയൂർ
(48) സെളാംതോട്
(49) ലാൽബാഗ്
(50) നട്ടക്കൽ
(51) പിരായുമ്മൂട്
(52) അറക്ക്കുന്ന്
(53) പാലക്കടവ്

(ബി) ചരക്ക് ഗതാഗതമുള്ള എല്ലാ പ്രധാനറോഡുകളിലും ചെക്ക് പോസ്റ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. അടുത്തകാലത്തായി റോഡുകളിൽ ചെക്ക്പോസ്റ്റുകൾ സ്ഥാപിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## കൃഷിസ്ഥലത്തിന്റെ വിസ്തൃതി കുറയുന്നത് തടയാൻ നടപടി

66. ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. എ. സുജനപാൽ :
ശ്രീ. എം. എ. ചന്ദ്രശേഖരൻ :
ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽകൃഷി നടത്തുന്ന സ്ഥലത്തിന്റെയും തോട്ടവിളകൾ കൃഷി ചെയ്യുന്ന സ്ഥലത്തിന്റെയും വിസ്തൃതി കുറഞ്ഞു വരികയാണോ;

(ബി) എങ്കിൽ അതിനുള്ള കാരണങ്ങളേവ;

(സി) കൃഷി സ്ഥലത്തിന്റെ വിസ്തൃതി കുറയുന്നതു തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു. ഇവ ഫലപ്രദമാണോയെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീമതി കെ.ആർ ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി):-**

(എ) സംസ്ഥാനത്ത് നെൽകൃഷി നടത്തുന്ന സ്ഥലത്തിന്റെ വിസ്തൃതി കുറഞ്ഞുവരികയാണ്. എന്നാൽ തോട്ടവിള കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി കാര്യമായി കുറയുന്നില്ല.

(ബി) നെൽകൃഷി ചെയ്യുന്നതിനുള്ള ചെലവു കൂടി വരുന്നതും കൃഷി ചെയ്യുന്നത് ആദായകരമല്ലാത്തതിനാലും യഥാസമയം മഴ ലഭിക്കാത്തതുകൊണ്ടും കർഷകത്തൊഴിലാളികളുടെ ദൗർലഭ്യവും നെൽകൃഷി ചെയ്യുന്ന സ്ഥലത്ത് മറ്റ് നാണ്യവിളകൾ കൃഷി ചെയ്യുന്നതിനാലും കാർഷികേതര ആവശ്യങ്ങൾക്ക് നെൽപ്പാടങ്ങൾ ഉപയോഗിക്കുന്നതുകൊണ്ടും കൃഷിസ്ഥലങ്ങൾ മണ്ണിട്ട് നികത്തി വീട് വയ്ക്കുന്നതിന് ഉപയോഗിക്കുന്നതുകൊണ്ടും ഉൽപ്പാദനശേഷി കൂടിയ വിത്തിനങ്ങളുടെ കുറവുകൊണ്ടുമാണ് നെൽകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി കുറയുന്നത് എന്നാണ് മനസ്സിലാക്കുന്നത്.

(സി) അനധികൃത നിലംനികത്തലിനെതിരെ 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവ് പ്രകാരം നടപടി സ്വീകരിച്ചുവരുന്നു. പ്രസ്തുത ഉത്തരവ് ഫലപ്രദമായി നടപ്പിലാക്കണമെന്ന് 5..2..02-ലെ ജി.ഒ.(ആർ.ടി.)നം.157/02/കൃഷി നംപർ സർക്കാർ ഉത്തരവ് 28..2..03-ലെ 9316/എൻ.സി.എ.3 02/കൃഷി നമ്പർ കത്ത് എന്നിവ പ്രകാരം റവന്യൂ അധികാരികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. 5..11..99-ലെ 9911/എൻ.സി.എ3/കൃഷി നമ്പർ സർക്കുലർപ്രകാരം അനധികൃത നിലംനികത്തലിനെതിരെ എസ്സൻഷ്യൽ കമ്മോഡിറ്റിസ് ആക്ട് പ്രകാരം നിയമനടപടികൾ കൈക്കൊള്ളണമെന്ന നിർദ്ദേശവും ജില്ലാ അധികാരികൾക്ക് നൽകിയിട്ടുണ്ട്. ഈ നടപടികൾ ഒരു പരിധിവരെ ഫലപ്രദമാണ്.

## ശബരിമല തീർത്ഥാടനം രസകരവും സുഖകരവുമാക്കാൻ നടപടി

67. ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. പി. ജെ. ജോയി :
ശ്രീ. ഡി. സുഗതൻ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടനം രസകരവും സുഖകരവുമാക്കുന്നതിന് ഏതെല്ലാം സ്വകാര്യ സംഘടനകളുടേയും വ്യക്തികളുടേയും സഹായ സഹകരണങ്ങൾ തേടിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) അയ്യപ്പൻമാർക്കു ഭക്ഷണം, കുടിവെള്ളം, വിരി വയ്ക്കുന്നതിനുള്ള സൗകര്യം എന്നിവ നൽകുവാൻ തയ്യാറുള്ള വ്യക്തികളുടേയും സംഘടനകളുടേയും സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) ഇതിനുവേണ്ടി ഏതെല്ലാം സംഘടനകൾ മുന്നോട്ട് വന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. ജി. കാർത്തികേയൻ (ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി):-**

(എ) ശബരിമല തീർത്ഥാടനം തികച്ചും ഭക്തിപരമായ ഒരു ചടങ്ങാണ്. ആയത് കൂടുതൽ സൗകര്യപ്രദമാക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ തിരുവിതാംകൂർ ദേവസ്വം ബോർഡും സർക്കാരിന്റെ വിവിധ വകുപ്പുകളും അർപ്പണ മനോഭാവത്തോടെ

ചെയ്തുവരുന്നുണ്ട്. സ്വകാര്യസംഘടനകളോടും വ്യക്തികളോടും സഹായസഹകരണങ്ങൾ ദേവസ്വംബോർഡ് തേടാറില്ല. എന്നാൽ സന്നദ്ധ സംഘടനകൾ സേവനതൽപ്പരത അറിയിച്ചാൽ അവർക്ക് അതിനുള്ള സൗകര്യവും അവസരവും നൽകാറുണ്ട്.

(ബി) &(സി) ദേവസ്വം ബോർഡ് വ്യക്തികളുടേയും സംഘടനകളുടേയും സഹായം ആവശ്യപ്പെടാറില്ല. എന്നാൽ സേവനസന്നദ്ധരായ വിവിധ സംഘടനകളും വ്യക്തികളും അയ്യപ്പൻമാർക്ക് ഭക്ഷണം, കുടിവെള്ളം എന്നിവ നൽകുന്നതിന് തയ്യാറായി മുന്നോട്ട് വരുന്നുണ്ട്. കൂടാതെ ദേവസ്വം ബോർഡിന്റെ നേതൃത്വത്തിലും സന്നിധാനത്ത് അന്നദാനം നൽകിവരുന്നുണ്ട്. ആയത് അടുത്ത സീസൺ മുതൽ പമ്പയിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. അയ്യപ്പസേവാസംഘം, ശ്രീ അയ്യപ്പധർമ്മ പരിഷത്ത് മുതലായ സന്നദ്ധ സംഘടനകൾ അയ്യപ്പൻമാർക്ക് വേണ്ട സേവനം നൽകുന്നുണ്ട്. എന്നും ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്

## ഓൺലൈൻ ലോട്ടറി ആരംഭിക്കുന്നതിനുള്ള നടപടി

68. ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭാഗ്യക്കുറി വകുപ്പിനുകീഴിൽ ഓൺലൈൻ ലോട്ടറി ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച തീരുമാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) ഓൺലൈൻ ലോട്ടറി എന്നുമുതൽ സംസ്ഥാനത്ത് തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) ഓൺലൈൻ ലോട്ടറി തുടങ്ങുമ്പോൾ സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ പങ്കാളിത്തവും ചുമതലയും എന്തൊക്കെയായിരിക്കും എന്ന് നിർവചിച്ചിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച വിശദവിവരം നൽകുമോ;

(ഇ) ഓൺലൈൻ ലോട്ടറി സംസ്ഥാനത്ത് ആരംഭിക്കുന്നത് സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലും മേൽനോട്ടത്തിലും ആയിരിക്കുന്നതിന് ആവശ്യമായ നടപടികൽ സ്വീകരിക്കുമോ;

(എഫ്) ഓൺലൈൻ ലോട്ടറി സംസ്ഥാനത്ത് ആരംഭിക്കുമ്പോൾ ഭാഗ്യക്കുറി വകുപ്പിനുണ്ടാകുന്ന അധികജോലിഭാലവും ആർജ്ജിക്കേണ്ട സാങ്കേതിക ജ്ഞാനവും കണക്കിലെടുത്ത് സംസ്ഥാന ഭാഗ്യക്കുറി വകുപ്പിനെ ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കുന്നതിനും എൻഫോഴ്സ്മെന്റ്, ലീഗൽ, മാർക്കറ്റിംഗ് എന്നീ വിഭാഗങ്ങൾ ആരംഭിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീ. കെ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി):-**

(എ) സംസ്ഥാനത്ത് ഓൺലൈൻ ലോട്ടറി തുടങ്ങുന്നതിന് സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

(ബി) 1977-ലെ കേരള ലോട്ടറീസ് റൂൾ റദ്ദ് ചെയ്ത് ഓൺലൈൻ ലോട്ടറിയുടേയും പേപ്പർ ലോട്ടറിയുടേയും നടത്തിപ്പ് നിയന്ത്രിക്കുന്ന നിയമങ്ങളും മറ്റു രേഖകളും പരിശോധനയിലാണ്.

(സി) നിയമനിർമ്മാണപ്രക്രിയയും അതിനോടനുബന്ധിച്ചുള്ള നടപടികളും പൂർത്തിയായാൽ മാത്രമേ ഓൺലൈൻ ലോട്ടറി എന്നുമുതൽ തുടങ്ങുമെന്ന് കൃത്യമായി പറയുവാൻ സാധിക്കുകയുള്ളു.

(ഡി) (ഇ) എഫ്): ഓൺലൈൻോ ലോട്ടറി സംസ്ഥാനത്ത് തുടങ്ങുന്നതിന് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ഇതിന്റെ നിയമാവലിയുടേയും മറ്റു രേഖകളുടേയും അംഗീകാരത്തിനുശേഷം മാത്രമേ ലോട്ടറി വകുപ്പിന്റെ പങ്കാളിത്തവും ചുമതലയും എന്തൊക്കെയാണെന്നും പ്രസ്തുത വകുപ്പ് പുന:സംഘടിപ്പിക്കേണ്ടതുണ്ടോ എന്നതിനെപ്പറ്റിയും പറയാൻ കഴിയുകയുള്ളു.

## കയർമേഖലയുടെ വികസനത്തിനു നടപടി

69. ശ്രീ. എ. എൻ. രാജൻ ബാബു:
ശ്രീ. ജോണി നെല്ലൂർ :
ശ്രീ. ഷിബു ബേബിജോൺ :
ശ്രീ. ഉമേഷ് ചള്ളിയിൽ :

ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കയർമേഖലയുടെ വികസനത്തിന് സർക്കാർ പുതുതായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) കയർമേഖലയുടെ ആധുനികവൽക്കരണത്തിന് സർക്കാർ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

**<u>ഉത്തരം</u>**

**ശ്രീമതി. കെ.ആർ. ഗൗരിയമ്മ (കൃഷി വകുപ്പുമന്ത്രി) :-**

(എ)കയർമേഖലയുടെ സമഗ്ര വിസനത്തിന് സർക്കാർ വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നു കയർ മേഖലയിലെ പ്രശ്നങ്ങൾക്ക്പരിഹാരംകാണുന്നതിനായി ഒരു സമഗ്ര പഠനം, കെട്ടിക്കിടക്കുന്ന കയറുൽപന്നങ്ങൾ വിറ്റഴിക്കുന്നതിനായുള്ള ഡിസ്ട്രസ് പർച്ചേസ് പദ്ധതചെകുകിട ഉൽപാദകരുടേയും മാറ്റസ് ആന്റ് മാറ്റിംഗ്സ് സ്ഘങ്ങളുടേയും ഉൽപ്പന്നങ്ങളുടെ ഗുണമേൻമ വർദ്ധിപ്പിക്കുന്നതിനുള്ള പൊതുസൗകര്യ സേവനകേന്ദ്രങ്ങൾ ആരംഭിക്കുന്ന പദ്ധതി കമ്പ്യൂട്ടർ എയിഡഡ് ഡിസൈൻ സെന്ററുകൾ സ്ഥാപിക്കുക നിയന്ത്രിത യന്ത്രവൽക്കരണത്തിന്റെ ഭാഗമായി യന്ത്രറാട്ടുകൾ നൽകുകയും അതിൽ പരിശീലനം നൽകുകയും ചെയ്യുക, കയറിനും കയറുൽപ്പന്നങ്ങൾക്കും എം.ഡി.എ നൽകിക എന്നിവയാണ്.

(ബി) കയർ മേഖലയുടെ ആധുനിക വൽക്കരണത്തിന്റെ ഭാഗമായി കയർവ്യവസായത്തിൽ നിയന്ത്രിത യന്ത്രവൽക്കരണം നടപ്പിലാക്കി വരുന്നു. ചെറുകിട കയറുൽപാദകർക്കും മാറ്റ്സ് ആന്റ് മാറ്റിംഗ്സ് സംഘങ്ങൾക്കും അവരുടെ ഉൽപന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിന് പൊതുസൗകര്യ സേവന കേന്ദ്രങ്ങളും കമ്പ്യൂട്ടർ എയിഡഡ് ഡിസൈൻ സെന്ററുകളും ആരംഭിച്ചു. കയർമേഖലയെ നവീകരിക്കുന്നതിന് സി ഡോക്ട് എന്ന സ്ഥാപനംവഴി ഗവേഷണ പഠനങ്ങൾ നടത്തിവരുന്നു. കൂടാതെ ഈ മേഖലയിൽ ഒരു ദേശീയതല റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## <u>വാല്യു ആഡഡ് ടാക്സ് സമ്പ്രദായം</u>

70. ശ്രീ. വർക്കല കഹാർ :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാല്യു ആഡഡ് ടാക്സ് സമ്പ്രദായം നടപ്പാക്കുന്നത് സംബന്ധിച്ച് വ്യാപകമായ പരാതികളുണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പരാതികളെന്തെല്ലാം;

(സി) ഈ പരാതികളെപ്പറ്റി പഠനം നടത്തിയിട്ടുണ്ടോ;

(ഡി) അവയ്ക്ക് ഏതുവിധത്തിൽ പരിഹാരമുണ്ടാക്കുവാൻ കഴിയും എന്ന് വെളിപ്പെടുത്തുമോ?

**<u>ഉത്തരം</u>**

**ശ്രീ.കെ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി) :-**

(എ) പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) ചെറുകിട കച്ചവടക്കാരെ ദോഷകരമായി ബാധിക്കുമെന്ന പരാതിയാണ് പ്രധാനമായും ലഭിച്ചിരിക്കുന്നത്. കച്ചവടക്കാർക്ക് കൃത്യമായ കണക്ക് സൂക്ഷിക്കാൻ ബുദ്ധിമുട്ടുകളുണ്ടെന്നും പരസഹായം ആവശ്യമായി വരുമെന്നും പരാതിപ്പെടുന്നു. അഞ്ചാം പട്ടികയിൽ സാധനങ്ങളുടെ പേരുകൾ ഉൾപ്പെടുത്താത്തത് പലവിധ ബുദ്ധിമുട്ടുകൾക്കും കാരണമാകുമെന്നും നിലവിലുള്ള ചില വസ്തുക്കളുടെ നികുതി നിരക്കിലുണ്ടായ വർദ്ധനവ് സാധനങ്ങളുടെ വിലവർദ്ധനക്ക് കാരണമാകുമെന്നും എല്ലാ ഘട്ടങ്ങളിലും നികുതി ഈടാക്കുന്നതിനാൽ ഉപഭോക്താവിന് വിലക്കുറവ് ഒരു ഭാരമാകുമെന്നും പരാതിപ്പെടുന്നു. ഇതിനെല്ലാം പുറമെ ഉദ്യോഗസ്ഥർക്ക അമിതമായ അധികാരം നൽകുന്നുണ്ടെന്നും അത് ദുർവിനിയോഗം ചെയ്യപ്പെടാൻ സാധ്യതയുണ്ടെന്നും പരാതിയുണ്ട്.

(സി) ലഭിച്ചിട്ടുള്ള എല്ലാ പരാതികളും വിശകലനം ചെയ്യുകയും അവയിൽ ഭൂരിഭാഗവും അടിസ്ഥാനരഹിതമാണെന്ന് ബോധ്യമാകുകയും ചെയ്തിട്ടുണ്ട്. എന്തെന്നാൽ ഈ നിയമത്തിലെ പല വകുപ്പുകളും ശരിയായ രീതിയിൽ മനസിലാക്കാത്തതുകൊണ്ടും അനുയോജ്യമല്ലാത്ത വ്യാഖ്യാനം നൽകുകയും ചെയ്തതുകൊണ്ടാണ് അങ്ങനെയൊരു

തെറ്റിദ്ധാരണ ഉണ്ടായിട്ടുള്ളത്. വളരെ സ്തുതാര്യമായ നടപടിക്രമങ്ങളാണ് മൂല്യവർദ്ധിത നികുതി നിയമത്തിൽ പ്രതിപാദിച്ചിട്ടുള്ളത്.

(ഡി) മൂല്യവർദ്ധിത നികുതി നിയമം പാസാക്കുന്നതിനുമുൻപ് ലഭിച്ച പല പരാതികളും പരിശോധിക്കുകയും പരിഗണന അർഹിക്കുന്നുവെന്ന് തോന്നിയവ പരിഗണിക്കുകയും ചെയ്തിട്ടുണ്ട്.

## മൂല്യവർദ്ധിത നികുതിസമ്പ്രദായത്തിന്റെ ദോഷഫലങ്ങൾ

71. ശ്രീ. സി. മമ്മൂട്ടി:
ശ്രീ. യു.സി. രാമൻ:
ശ്രീ. ടി.പി.എം. സാഹിർ:
ശ്രീ. കെ.എൻ.എ. ഖാദർ:
ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) മൂല്യവർദ്ധിത നികുതിസമ്പ്രദായം നിലവിൽ വരുത്തുകയും സെൻട്രൽ സെയിൽസ് ടാക്സ് നിലനിർത്തുകയും ചെയ്താൽ അസംസ്കൃത സാധനങ്ങൾക്ക് അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്ന കേരളത്തിലെ ചെറുകിട വ്യവസായങ്ങളെ അത് ദോഷകരമായി ബാധിക്കുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അത് പരിഹരിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീ. കെ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പു മന്ത്രി):-**

(എ) മൂല്യവർദ്ധിത നികുതി സംപ്രദായം നടപ്പിൽ വരുത്തുംപോൾ നിർമ്മാതാക്കൾക്ക് ദോഷം സംഭവിക്കാതിരിക്കാൻ 167 ഇനങ്ങൾ അടങ്ങിയ അസംസ്കൃത പദാർത്ഥങ്ങളുടെ ലിസ്റ്റ് മൂന്നാം പട്ടികയിൽ 42–ാം വകുപ്പായി 4% നിരക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വാങ്ങൽ ഘട്ടത്തിൽ നൽകുന്ന നികുതിക്ക് തട്ടിക്കഴിക്കുന്നതിനുള്ള വകുപ്പുള്ളതിനാൽ ചെറുകിട വ്യവസായ സ്ഥാപനങ്ങൾക്ക് ദോഷം സംഭവിക്കാൻ സാധ്യതയില്ല.

(ബി) നിർമ്മാതാക്കൾക്ക് നഷ്ടം വരാതിരിക്കാനാണ് 167 അസംസ്കൃത പദാർത്ഥങ്ങളെ മൂന്നാം പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കൂടാതെ വാങ്ങൽഘട്ടത്തിലുള്ള നികുതിക്ക് നൽകുന്ന കിഴിവും നിർമ്മതാക്കളെ സഹായിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. അതിനാൽ നിർമ്മാതാക്കൾക്ക് അധികാരവും ഉണ്ടാവില്ല. എല്ലാ സംസ്ഥാനങ്ങളിലും നികുതി നിരക്ക് ഒരേ രീതിയിലായതിനാൽ കേരളത്തിലെ ഉല്പാദകർക്ക് കൂടുതൽ വിപണിയും ലഭിക്കുന്നതാണ്.

## എ.ഡി.ബി. വായ്പയുടെ വിനിയോഗം

72. ശ്രീ. കെ.സി. വേണുഗോപാൽ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. വി.ജെ. പൗലോസ്:
ശ്രീ. എ.പി. അനിൽ കുമാർ:
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) എ.ഡി.ബി.യിൽ നിന്ന് ഇതുവരെ എന്ത് തുക ലഭിച്ചു;

(ബി) ഇത് ഗ്രാന്റായാണോ ലോണായാണോ കിട്ടിയത്;

(സി) പ്രസ്തുത തുക എന്തിനെല്ലാം വിനിയോഗിച്ചു എന്നു വ്യക്തമാക്കാമോ;

(ഡി) അടുത്ത ഇൻസ്റ്റാൾമെന്റായി എന്ത് തുക ലഭിക്കും; പ്രസ്തുത തുക എന്തിനെല്ലാമാണ് വിനിയോഗിക്കേണ്ടത് എന്ന് വ്യക്തമാക്കാമോ?

**ഉത്തരം**

**ശ്രീ. കെ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പു മന്ത്രി):-**

(എ) 125 മില്യൻ ഡോളർ (601.30 കോടി രൂപ) ലഭിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തിന് നേരിട്ടല്ല എ.ഡി.ബി. ലോൺ നൽകുന്നത്. കേന്ദ്ര സർക്കാരിന് ലഭിക്കുന്ന സഹായം 70% ലോണായും 30% ഗ്രാന്റായും സംസ്ഥാനത്തിന് നൽകുന്നത്.

(സി) സംസ്ഥാനത്ത് നടപ്പിലാക്കാൻ പോകുന്ന സാമ്പത്തിക പരിഷ്ക്കാരങ്ങൾക്കും ഗവൺമെന്റിന്റെ ആധുനികരണത്തിനുമാണ് ഈ തുക വിനിയോഗിച്ച് കൊണ്ടിരിക്കുന്നത്.

(ഡി) രണ്ടാം ഗഡുവായി 125 മില്യൺ ഡോളർ ഈ സാമ്പത്തിക വർഷം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇതും സാമ്പത്തിക പരിഷ്ക്കാരങ്ങൾക്കും, ഗവൺമെന്റിന്റെ ആധുനീകരണത്തിനുമാണ് വിനിയോഗിക്കേണ്ടത്.

## മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് ഇൻഷ്വറൻസ് കമ്പനിയുടെ സഹായത്തോടെ നടപ്പാക്കാൻ പദ്ധതി

73. ശ്രീ. കെ. നാരായണക്കുറുപ്പ്:
ശ്രീ. തോമസ് ചാഴികാടൻ:
ശ്രീ. റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സർക്കാർ ജീവനക്കാർക്കും ആശ്രിതർക്കും ഉള്ള മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് ആനുകൂല്യം ദുരുപയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ചികിൽസാ ആനുകൂല്യങ്ങൾ ഇൻഷ്വറൻസ് കമ്പനിയുടെ സഹായത്തോടെ നടപ്പാക്കാൻ പദ്ധതിയുണ്ടോ;

(സി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ?

**ഉത്തരം**

**ശ്രീ. കെ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പു മന്ത്രി):-**

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പരിഗണനയിലുണ്ട്.

(സി) ഇത്തരം ഒരു പദ്ധതി നടപ്പു വർഷത്തെ ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ആയിട്ടില്ല.

## <u>ജൈവളത്തിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കാൻ നടപടി</u>

74. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
ശ്രീ. എ.പി. അനിൽകുമാർ:
ശ്രീ. വി.ജെ. പൗലോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) ജൈവവളങ്ങൾ ഉപയോഗിച്ചുള്ള കൃഷി പ്രോത്സാഹിപ്പിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു;

(ബി) കർഷകർക്ക് ജൈവവളം എത്തിച്ചുകൊടുക്കുവാൻ എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ട്;

(സി) ജൈവവളം നിർമ്മിക്കുന്നവർക്ക് ഗവൺമെന്റ് എന്തെല്ലാം പ്രോത്സാഹനങ്ങൾ നൽകുന്നുണ്ട്?

**ഉത്തരം**

**ശ്രീമതി. കെ.ആർ. ഗൗരിയമ്മ (കൃഷിയും കയറും വകുപ്പു മന്ത്രി):-**

(എ) താഴെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. മോഡൽ സംയോജിത വളപ്രയോഗഫാമുകൾ സ്ഥാപിക്കാനുള്ള നടപടി
2. കുരുമുളക് വികസന പദ്ധതി പ്രകാരം ജൈവകൃഷിയിലൂടെ കുരുമുളക് ഉൽപാദിപ്പിക്കുന്നതിന് മൂന്ന് വർഷത്തേയ്ക്ക് ധനസഹായം നൽകുന്നു. ഈ വർഷം ഇടുക്കി, വയനാട് ജില്ലകളിലാണ് നടപ്പാക്കുന്നത്.
3. ഇടുക്കി, വയനാട് ജില്ലകളിൽ 100 ഹെക്ടറിൽ ശീതകാല പച്ചക്കറികൾ ജൈവ കൃഷിയിലൂടെ ഉൽപാദിപ്പിക്കുന്നതിന് ഹെക്ടറിന് 10,000 രൂപ ധനസഹായമായി നൽകിവരുന്നു.
4. നാളികേര വികസബോർഡിന്റെ പദ്ധതി പ്രകാരം തെങ്ങിന് ജൈവവളങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിന് ജൈവവള നിർമ്മാണ യൂണിറ്റുകൾക്ക് 20,000 രൂപ ധനസഹായമായി നൽകിവരുന്നു.

(ബി) കർഷകർക്ക് ഗുണമേൻമയുള്ള ജൈവവളങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി സർക്കാർ ഉത്തരവ് ജി.ഒ (ആർ.ടി) 690/2002 തീയതി 1..7..02 പ്രകാരം കൃഷി ഡയറക്ടർ, കാർഷിക സർവകലാശാലയിലെ ഗവേഷണ വിഭാഗം ഡയറക്ടർ, കൃഷി അഡീഷണൽ ഡയറക്ടർ വിള ഉൽപാദനം അഡീഷണൽ ഡയറക്ടർ (ഹോർട്ടി കൾച്ചർ) തുടങ്ങിയവരുൾപ്പെട്ട ഒരു ടെക്നിക്കൽ ഇവാല്യുവേഷൻ കമ്മിറ്റി രൂപീകരിക്കുകയും ടി കമ്മിറ്റി അംഗീകരിക്കുന്ന ജൈവളങ്ങളുടെയും ജീവാണുവളങ്ങളുടേയും ലിസ്റ്റ് കൃഷി ഡയറക്ടർ പുറത്തിറക്കുകയും ചെയ്തു. ഈ ലിസ്റ്റിൽ ഉൾപ്പെട്ട വളങ്ങൾ മാത്രമെ വിതരണം ചെയ്യാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇതു കൂടാതെ കർഷകർക്ക് ലഭിക്കുന്ന ജൈവവളങ്ങളുടെ ഗുണമേൻമ പരിശോധിക്കുന്നതിന് കൃഷി വകുപ്പിന്റെ കഴിലുള്ള രാസവളപരിശോധന ശാലകൾ ശക്തിപ്പെടുത്തുന്നതും, ജീവാണുവളങ്ങളുടെ ഗുണമേൻമ പരിശോധിക്കുന്നതിനായി നടപ്പു സാംപത്തികവർഷം രണ്ട് ജീവാണു വള പരിശോധനാശാലകൾ സ്ഥാപിക്കാനും പരിപാടിയുണ്ട്.

(സി)

1. മോഡൽ സംയോജിത വളപ്രയോഗ ഫാമുകളിൽ മണ്ണിൽ കംപോസ്റ്റ് നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 50 സെന്റ് വിസ്തീർണ്ണമുള്ള യൂണിറ്റൊന്നിന് 5500 രൂപ ധനസഹായം നൽകുന്നു.

2. ജൈവവളങ്ങൾ നിർമിക്കുന്നതിന് കേന്ദ്രാവിഷ്കൃത പദ്ധതിയായ മണ്ണ് സസ്യ പരിപോഷണ ക്ലിനിക്ക് പ്രകാരം നഗരമാലിന്യങ്ങൾ സംസ്ക്കരിച്ച് ജൈവവളങ്ങൾ നിർമ്മിക്കുന്നതിന് തിരുവനന്തപുരം കോർപ്പറേഷനും കോഴിക്കോട് കോർപ്പറേഷനും നാൽപ്പതുലക്ഷം രൂപ വീതം ധനസഹായമായി നൽകുവാൻ തുകവകയിരുത്തിയിട്ടുണ്ട്.

3. തെങ്ങിന് ജൈവവളം പ്രോൽസാഹിപ്പിക്കുന്നതിന് ജൈവവള നിർമ്മാണ യൂണിറ്റുകൾക്ക് ധനസഹായം നൽകുന്നു.

4. പച്ചില വള വിത്ത് സൗജന്യമായി വിതരണം ചെയ്യുന്നതിനുള്ള പദ്ധതി നടപ്പാക്കിവരുന്നു.

## ദേശസാൽകൃത ബാങ്കുകളുടെ നിക്ഷേപ വായ്പ

75. ശ്രീ. എ.സി. ഷൺമുഖദാസ്:
ശ്രീ. സി.കെ. നാണു:
ശ്രീ. കെ.പി. മോഹനൻ:
ഡോക്ടർ നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ദേശസാൽകൃത ബാങ്കുകൾ നിക്ഷേപത്തിന്റെ എത്ര ശതമാനം തുക സംസ്ഥാനത്ത് വായ്പയായി നൽകുന്നുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനമാണെന്ന് വെളിപ്പെടുത്തുമോ;

(ബി) നിക്ഷേപവായ്പ വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ബാങ്കുകളുമായി ബന്ധപ്പെട്ട് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

**ഉത്തരം**

**ശ്രീ. കെ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പു മന്ത്രി):-**

(എ) കണക്കാക്കിയിട്ടുണ്ട്. 2002 ഡിസംബർ 31-ാം തീയതിയിലെ കണക്കനുസരിച്ച് വാണിജ്യ ബാങ്കുകൾ നിക്ഷേപത്തിന്റെ 44.60% വും ദേശസാർകൃതബാങ്കുകൾ 43.49 % വും സംസ്ഥാനത്ത് വായ്പയായി നൽകുന്നുണ്ട്.

(ബി) വായ്പ നിക്ഷേപ അനുപാതത്തിലെ പോരായ്മകൾ എല്ലാ എസ്.എൽ.ബി.സി. മീറ്റിംഗുകളിലും ബാങ്കുകളുടെ മേലധികാരികളെ ധരിപ്പിക്കാറുണ്ട്. വേദിയിലൂടെ തനതായ വായ്പ നിർദ്ദേശങ്ങൾ സ്വീകരിക്കണമെന്നും, നല്ല ലോൺ നിർദ്ദേശങ്ങൾ കാലതാമസം കൂടാതെ അനുവദിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. അതുപോലെ ഗവൺമെന്റ് സ്പോൺസേർഡ് സ്കീമുകളിലും ഇതര സ്കീമുകളിലും പെടുന്ന ലോണുകൾ മുൻഗണനാക്രമത്തിൽ അനുവദിച്ചു കൊടുക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ചെറുകിട സംരംഭങ്ങൾ, വനിതകൾക്കുള്ള ലോണുകൾ, ന്യൂനപക്ഷം, എസ്.സി./എസ്.റ്റി എന്നിവയ്ക്കും പരമ പ്രാധാന്യം നൽകണമെന്നും അവ എസ്.എൽ.ബി.സി/ബി.എൽ.ബി.സി/ഡി.സിസി തുടങ്ങിയ വേദികളിൽ അവലോകനം ചെയ്യപ്പെടണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

## ഭക്ഷ്യ എണ്ണ ഇറക്കുമതി

76. ശ്രീ. യു.സി. രാമൻ:
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി:
ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. പി.കെ. അബ്ദുറബ്ബ്:
ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കൊപ്രയുടേയും വെളിച്ചെണ്ണയുടേയും മാർക്കറ്റ് വില കുറയുന്നതിന് കാരണമായ കേന്ദ്ര ഗവൺമെന്റിന്റെ ഭക്ഷ്യ എണ്ണ ഇറക്കുമതി തടയുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്താൻ എന്ത് നടപടി സ്വീകരിച്ചു;

(ബി) ഇതു സംബന്ധിച്ച കേന്ദ്ര നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീമതി. കെ.ആർ. ഗൗരിയമ്മ( കൃഷിയും കയറും വകുപ്പു മന്ത്രി):-**

(എ) & (ബി) ഡബ്ല്യു.ടി.ഒ യുടെ വാണിജ്യ കരാറിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ രൂപീകരിച്ചിട്ടുള്ള കയറ്റിറക്കുമതി നയങ്ങൾ പുനപരിശോധിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് നിരന്തരം ആവശ്യപ്പെടുന്നുണ്ട്. പാമോയിൽ പോലുള്ള വില കുറഞ്ഞ ഭക്ഷ്യ എണ്ണകൾക്ക് ഇറക്കുമതി ചുങ്കം ഡബ്ല്യു.ടി.ഒ. നിബന്ധന പരമാധി തോതിലേക്ക് ഉയർത്തണമെന്നും അതുവഴി കേര കർഷകർക്ക് ഒരു പരിധിവരെയെങ്കിലും ആശ്വാസം നൽകണമെന്ന് സംസ്ഥാനസർക്കാർ കേന്ദ്ര സർക്കാരനോട് നിവേദനങ്ങൾ വഴിയും നേരിട്ടും എം.പി. മുഖേനയും ആവശ്യപ്പെട്ടുവരുന്നു. എന്നാൽ അനുകൂല നിലപാട് ഉണ്ടായിട്ടില്ല. മാത്രമല്ല 2003 ഏപ്രിൽ മാസത്തിൽ നിലവിലുണ്ടായിരുന്ന 85 ശതമാനത്തിൽ

നിന്നും ഇറക്കുമതി ചുങ്കം 70 ശതമാനമായി കുറയ്ക്കുകയും ചെയ്തു. ഇത് പുനപരിശോധിക്കുന്ന കാര്യം കേന്ദ്രത്തിൽ വീണ്ടും ഉന്നയിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

## ആന്ത്രാക്സ് രോഗബാധയ്ക്കെതിരെ സ്വീകരിച്ച പ്രതിരോധ നടപടികൾ

77. ശ്രീ. പി.എസ്. സുപാൽ:

ശ്രീ. ബിനോയ് വിശ്വം:

ശ്രീ. എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് എവിടെയെങ്കിലും ആന്ത്രാക്സ് രോഗം ബാധിച്ച് പശുക്കൾ കൂട്ടത്തോടെ ചത്തൊടുങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാം; എത്ര പശുക്കൾ;

(ബി) ഈ രോഗം പടരുന്നത് തടയാൻ സ്വീകരിച്ചുവരുന്ന പ്രതിരോധ നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ രോഗത്തെക്കുറിച്ച് ക്ഷീകർഷകരേയും ജനങ്ങളേയും ബോധവൽക്കരിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീമതി. കെ.ആർ. ഗൗരിയമ്മ( കൃഷിയും കയറും വകുപ്പു മന്ത്രി):-**

(എ) 2002 മുതൽ സംസ്ഥാനത്ത് നാല് ജില്ലകളിൽ ആന്ത്രാക്സ് രോഗബാധ ഉണ്ടായിട്ടുണ്ടെങ്കിലും പശുക്കളോ മറ്റ് മൃഗങ്ങളോ കൂട്ടത്തോടെ ചത്തുപോയിട്ടില്ല. പ്രസ്തുത രോഗം മൂലം സംസ്താനത്ത് ആകെ ആറ് പശുക്കൾ, 1 പശുക്കുട്ടി, 2 കിടാരി (14 മാസം മുതൽ പ്രസവിക്കുന്ന പ്രായംവരെയുള്ള പശുക്കുട്ടികൾ), എന്നിവ ചത്തുപോയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ഇപ്രകാരമാണ്.

1. തൃശ്ശൂർ ജില്ല – 2 കറവപ്പശു
2. എറണാകുളം ജില്ല 1 പശു<br>1 കിടാരി
3. കോട്ടയം ജില്ല (പനച്ചിക്കാട്) 2 കറവപ്പുശുക്കൾ
4. തിരുവനന്തപുരം ജില്ല 1 പശു<br>കാട്ടാക്കട പഞ്ചായത്ത് 1 പശുക്കുട്ടി<br>1 കിടാരി

(ബി) മരണപ്പെട്ട കന്നുകാലികളിൽ നിന്നും സാംപിളുകൾ, സതേൺ ഡിസീസ് ഡയഗോസ്റ്റിക്സ് ലാബ് ബാംഗ്ലൂർ വെറ്റിനറി കോളേജ് തൃശ്ശൂർ സി.ഡി.ഐ. ലാബ് പാലോട് എന്നിവിടങ്ങളിൽ അയച്ച് ആന്ത്രാക്സ് രോഗബാധയുണ്ടായ എല്ലാ പ്രദേശങ്ങളിലും പ്രതിരോധ കുത്തിവയ്പ് യുദ്ധകാല അടിസ്ഥാനത്തിൽ നടത്തുകയുണ്ടായി. മരണപ്പെട്ട കന്നുകാലികളുമായി സാമീപ്യമുണ്ടായിരുന്ന ഉരുക്കളെ മാറ്റിപ്പാർപ്പിച്ച് ആന്റി ബയോട്ടിക്കുകളും മറ്റ് വിദഗ്ധ ചികിൽസയും ലഭ്യമാക്കി സ്ഥലം വെറ്റിനറി ഡോക്ടർമാരുടെ മേൽനോട്ടത്തിൽ ആന്ത്രാക്സ് രോഗബാധമൂലം മരണമടയുന്ന മൃഗങ്ങളുടെ ശവശരീരം മറവു ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട എല്ലാ മുൻകരുതലുകളും എടുത്തിട്ടുണ്ട്. ആരോഗ്യ രംഗത്തേയും മൃഗസംരക്ഷണ രംഗത്തേയും വിഗദ്ധരെ ഉൾപ്പെടുത്തി ബോധവൽക്കരണ ക്യാംപ് നടത്തിയതിനോടൊപ്പം പ്രതിരോധ കുത്തിവയ്പ്പും നടത്തിയിട്ടുണ്ട്. പ്രതിരോധ കുത്തിവയ്പ് തികച്ചും സൗജന്യമായിരുന്നു.

(സി) പത്ര-ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെ വേണ്ടത്ര ബോധവൽക്കരണ പരിപാടികൾ നടത്തിയിരുന്നു. തൃശ്ശൂർ, തിരുവനന്തപുരം, കോട്ടയം ജില്ലകളിൽ പൊതുജനബോധവൽക്കരണ ക്യാംപ് വാർഡ് തോറും നടത്തുകയുണ്ടായി. ജന്തുജന്യ രോഗമായതിനാൽ ആരോഗ്യ വകുപ്പിലേയും മൃഗസംരക്ഷണ വകുപ്പിലേയും വിദഗ്ധരെ ഉൾപ്പെടുത്തി ഫലപ്രദമായ ബോധവൽക്കരണം നടത്തി. ആകാശവാണി മുഖേനയുള്ള കൃഷി പാഠം പരിപാടിയിലൂടെ ആന്ത്രാക്സ് രോഗബാധയെ സംബന്ധിച്ച് ബോധവൽക്കരണപരിപാടികൾ പ്രക്ഷേപണം ചെയ്തിരുന്നു.

## വനസംരക്ഷണവും വന ഓർഡിനൻസും

78. ശ്രീ. എം.വി. ജയരാജൻ:

ശ്രീ. കോടിയേരി ബാലകൃഷ്ണൻ:

ശ്രീ. കെ.കെ ജയചന്ദ്രൻ:

ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) വനസംരക്ഷണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) വന സംരക്ഷണത്തിനായി ഇറക്കിയ ഓർഡിനൻസുമൂലം ഏറ്റെടുത്ത വനഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) വനസംരക്ഷണ ഓർഡിനൻസ് ലാപ്സായതിന്റെ അടിസ്ഥാനത്തിൽ വനസംരക്ഷണത്തിനായി പുതിയ നിയമം നടപ്പിലാക്കുന്നത് സംബന്ധിച്ച് നടപടികൾ ഏത് ഘട്ടത്തിലാണെന്ന് പറയാമോ;

(ഡി) വനഓർഡിനൻസ് പ്രകാരം സർക്കാർ ഏറ്റെടുത്ത വനഭൂമി തിരിച്ച് കിട്ടുന്നതിന് സ്വകാര്യ ഭൂവുടമകൾ ഹൈക്കോടതിയിൽ നൽകിയ കേസ് അവർക്ക് അനുകൂലമായി വിധിച്ചതിന്റെ അടിസ്ഥാനത്തിൽ ഏറ്റെടുത്ത വനഭൂമി നഷ്ടപ്പെടാതിരിക്കാൻ ഹൈക്കോടതിയിൽ റിവ്യൂ ഹർജി നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ് നൽകിയത്; അതിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് പറയാമോ;

(ഇ) ഓർഡിനൻസ് ലാപ്സായതിനെത്തുടർന്ന് അതനുസരിച്ച് ഏറ്റെടുത്ത വനഭൂമി കൈവശം വച്ചുകൊണ്ടിരിക്കാൻ സർക്കാരിന് ഉദ്ദേശ്യമില്ലെന്ന് കോടതിയിൽ സർക്കാർ അഭിഭാഷകർ വാദമദ്ധ്യേ പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് സ്വകാര്യ ഭൂഉടമകൾക്ക് അനുകൂലമായി കോടതി വിധിയുണ്ടായതെന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏറ്റെടുത്ത വനഭൂമി നഷ്ടപ്പെടാനിടയാക്കുന്നതരത്തിൽ കോടതിയിൽ വദിച്ച സർക്കാർ പ്ലീഡർമാർക്കെതിരെ നടപടി സ്വീകരിക്കുമെന്ന ഉറപ്പ് പാലിക്കപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ഏതെല്ലാം പ്ലിഡർമാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീ. കെ. സുധാകരൻ (വനവും സ്പോർട്ടസും വകുപ്പു മന്ത്രി):-**

(എ) ആധുനിക വാർത്താ വിനിമയ ഉപകരണങ്ങൾ, ആയുധങ്ങൾ, വാഹനങ്ങൾ എന്നിവ വനസംകക്ഷണ വിഭാഗം ജീവനക്കാർക്ക് നൽകി അവരുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനുള്ള നടപടികൾ എടുത്തിട്ടുണ്ട്. ഫ്ളൈയിംഗ് സ്ക്വാഡിന്റെ സഹായത്തോടെ റോന്തുചുറ്റൽ നടത്തുന്നുണ്ട്. വനംകൈയ്യേറ്റങ്ങൾ കണ്ടെത്തി അവ അപ്പപ്പോൾ ഒഴിപ്പിക്കുകയും കയ്യേറിയ ഭൂമി തിരിച്ചെടുക്കയും ചെയ്യുന്നുണ്ട്. വനം സംബന്ധമായ കുറ്റങ്ങൾ മാത്രം കൈകാര്യം ചെയ്യുന്നതിന് കോടതികളും വനം സംബന്ധമായ കേസുകൾ നടത്തുന്നതിനായി പ്രത്യേകം ഗവൺമെന്റ് പ്ലീഡർമാരെയും നിയമിച്ചിട്ടുണ്ട്. വനം കുറ്റങ്ങൾക്ക് കർശന ശിക്ഷ നൽകുന്നതിന് വനനിയമങ്ങളും ചട്ടങ്ങളും ഭേദഗതി ചെയ്യുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജനപങ്കാളിത്തത്തോടെ വനസംരക്ഷണം നടത്തുന്നതിന് സന്നദ്ധസംഘടനകൾ പൊതുജനങ്ങൾ ഗിരിജനങ്ങൾ എന്നിവരെ ഉൾപ്പെടുത്തി വന സംരക്ഷണ സമികികളും ഇക്കോഡവലപ്മെന്റ് കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. കാട്ടുതീ തടയുന്നതിന് ഫയർ ലൈൻ എടുക്കുകയും. ഫയർ വാച്ചർമാരെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ജോഗ്രാഫിക്കൽ ഇൻഫോർമേഷൻ സിസ്റ്റം പോലുള്ള ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ച് വനസംബന്ധമായ വിവരങ്ങൾ സൂക്ഷിക്കുന്നതിനും സംരക്ഷണ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സർവേ നടത്തി അതിരുകൾ വേർതിരിച്ചും ജണ്ഡ കെട്ടിയും വനാതിർത്തി സംരക്ഷിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ വനംകൈയ്യേറ്റം, കഞ്ചാവ് കൃഷി, മരംവെട്ട്, മൃഗവേട്ട തുടങ്ങിയ വനനശീകരണ പ്രവർത്തനങ്ങൾക്ക് എതിരെ അടിയന്തിര നടപടി സ്വീകരിക്കുന്നതിന് കോന്നി, നിലമ്പൂർ എന്നീ സ്ഥലങ്ങൾ ആസ്ഥാനമാക്കി ഓരോ ദ്രുത കർമ്മസേന പ്രവർത്തിച്ചുവരുന്നു. വനംകൈയ്യേറ്റം തടയുന്നതിനും കൈയ്യേറ്റം ഒഴിപ്പിക്കുന്നതിന്റെയും മേൽനോട്ടം നടത്തുന്നതിലേക്കായി സംസ്ഥാന തലത്തിൽ ചീഫ് സെക്രട്ടറി ചെയർമാനായും, വനംവകുപ്പ്, റവന്യൂ വകുപ്പ്, ആഭ്യന്തര വകുപ്പ്, നിയമവകുപ്പ്, സെക്രട്ടറിമാർ, ഡയറക്ടർ ജനറൽ ഓഫ് പോലീസ്, പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, സർവ്വേ ഡയറക്ടർ തുടങ്ങിയവർ അംഗങ്ങളായും ഒരു സമിതി 8.11.2002ലെ സർക്കാർ ഉത്തരവ് നമ്പർ 69/02/വനം പ്രകാരവും സർക്കിൾ തലത്തിൽ കൺസർവേറ്റർ ചെയർമാനായും, ജില്ലാ കളക്ടറും ജില്ലാ പോലീസ് സൂപ്രണ്ടും മെമ്പർമാരായും ഒരു കമ്മിറ്റി രൂപീകരിക്കുന്നതിലേക്കായി 20.9.2002ൽ സർക്കാർ ഉത്തരവ് നമ്പർ 53/2002/വനം പ്രകാരവും ഉത്തരവായിട്ടുണ്ട് അതനുസരിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്. കേരളം വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ഓർഡിനൻസ് പ്രകാരം തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, കോട്ടയം, മലപ്പുറം, പാലക്കാട്, കോഴിക്കോട്, വയനാട്, കാസർഗോഡ്, കണ്ണൂർ എന്നീ ജില്ലകളിൽ 631 പ്ളോട്ടുകളിലായി 11037.037 ഹെക്ടർ സ്വകാര്യവനഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്.

(സി) വനസംരക്ഷിത ഓർഡിനൻസിന്റെ കാലാവധി 16..7..2001 അവസാനിച്ചുവെങ്കിലും പ്രസ്തുത ഓർഡിനൻസിലെ അതേ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചും ടി ഓർഡിനൻസ് പ്രകാരം കൈക്കൊണ്ട നടപടികൾക്ക് നിയമപരിരക്ഷ ഉറപ്പാക്കിക്കൊണ്ട് കേരള വനം(പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കവും കാര്യകർതൃത്വം നടത്തിപ്പും) ബിൽ 11-ാം കേരള നിയമസഭയുടെ 2-ാം സമ്മേളനത്തിൽ (4.12.2001-ൽ)

അവതരിപ്പിക്കുകയും പ്രസ്തുതബിൽ അന്നേദിവസംതന്നെ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കായി അയയ്ക്കുകയും ചെയ്തു. സെലക്ട് കമ്മിറ്റി വിവിധ ജില്ലകളിൽ ഇതിനകം ഒട്ടനവധി സിറ്റിംഗുകളിൽ തെളിവെടുപ്പ് നടത്തിയിട്ടുണ്ട്. സെലക്ട് കമ്മിറ്റിക്ക് ലഭിച്ച പരാതികളും നിർദ്ദേശങ്ങളും വിശദമായ പരിശോധന നടത്തി ബിൽ നടപ്പു സമ്മേളനത്തിൽതന്നെ നിയമമാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി, ഇ) ഏതെങ്കിലും ഒരു ഓർഡിനൻസ് പ്രകാരം കൈക്കൊണ്ടിട്ടുള്ള നടപടികൾ മറ്റൊരു ഓർഡിനൻസ്മൂലമോ, നിയമനിർമ്മാത്തിലൂടെയോ അസ്ഥിരപ്പെടുത്താത്തിടത്തോളം സാധുവായി നിലനിൽക്കുമെന്ന് ടി. വെങ്കിട്ടറെഡി ആന്ത്രാപ്രദേശ് സർക്കാരിനെതിരെ സമർപ്പിച്ച കേസിൽ (എ.ഐ.ആർ 1985 എസ്.സി 724–1998 (8) എസ്.സി.സി725) ബഹുമാനപ്പെട്ട സുപ്രീംകോടതി വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ സർക്കാർ അഭിഭാഷകൻ വാദമദ്ധ്യാ നടത്തിയ പ്രസ്താവനയും അതനുസരിച്ച് കേസ് പിൻവലിക്കാൻ കക്ഷികൾക്ക് ബഹുമാനപ്പെട്ട ഹൈക്കോടതി അനുമതി നൽകിയതും വന ഓർഡിനൻസ് പ്രകാരം കൈക്കൊണ്ടിട്ടുള്ള നടപടികൾ അസ്ഥിരപ്പെടുത്താൻ പര്യാപ്തമല്ല. കക്ഷികളുടെ അഭ്യർത്ഥന പ്രകാരം കേസ് പിൻവലിക്കാൻ അനുവദിച്ചതിനാൽ ടി കേസുകളിലെ വാദം ഉയർത്തിക്കാട്ടി മറ്റ് കേസ് ഫയൽ ചെയ്യാനും കഴിയില്ല. എന്നിരുന്നാലും പൊതുതാൽപര്യം മുൻനിർത്തി ബഹുമാനപ്പെട്ട ഹൈക്കോടതി ഒ.പി നമ്പർ 12697/2001,12702/2001 12738/2001 എന്നീ കേസുകളിൽ പുറപ്പെടവിച്ച ഉത്തരവുകൾ പുനപരിശോധിക്കുന്നതിനായി 2001 ഒക്ടോബറിൽ റിവ്യൂ ഹർജികൾോ സമർപ്പിക്കുകയും ആയത് ബഹുമാനപ്പെട്ട ഹൈക്കോടതി ഫയലിൽ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി കേസുകൾ ഇപ്പോഴും കോടതിയുടെ പരിഗണനയിലാണ്. ടി. കേസുകളിൽ സർക്കാരിനെതിരായി വിധി ഉണ്ടാകാത്തിടത്തോളം പ്ലീഡർമാർക്കെതിരെ നടപടി കൈക്കൊള്ളേണ്ടതില്ല.

(എഫ്) ഡി. യുടേയും ഇയുടേയും ഉത്തരത്തിന്റെ വെളിച്ചത്തിൽ ''ഉദിക്കുന്നില്ല''.

## കയറുൽപ്പന്നങ്ങളുടെ കയറ്റുമതി വർദ്ധിപ്പിക്കാൻ നടപടി

79. ശ്രീ. പി.കെ. അബ്ദുറബ്ബ്:

ശ്രീ. വി.കെ. ഇബ്രാഹീം കുഞ്ഞ്:

ശ്രീ. കെ. എൻ.എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കയറിന്റെയും കയറുൽപ്പന്നങ്ങളുടേയും കയറ്റുമതി വർദ്ധിപ്പിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) ഇതുമൂലം കയറ്റുമതിയിൽ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എന്തു വർദ്ധന ഉണ്ടായി എന്നു വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീമതി. കെ.ആർ. ഗൗരിയമ്മ( കൃഷിയും കയറും വകുപ്പു മന്ത്രി):-**

(എ) കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ എം.ഡി.എ. പദ്ധതി നടപ്പാക്കുന്നു. എം.ഇ.പി. പുനസ്ഥാപിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാന സർക്കാർ കയർമേഖലയിൽ നടപ്പാക്കിവരുന്ന വിവിധ പദ്ധതികളും സാമ്പത്തിക സഹായങ്ങളും കയറ്റുമതി വർദ്ധന കണക്കിലെടുത്തിട്ടുള്ളതാണ്. കയർ ഭൂവസ്ത്രം പരിപാടി ഊർജ്ജിതമായി നടപ്പാക്കി വരുന്നു. ചകിരിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് ടി ഫൈബറിംഗ് യൂണിറ്റുകൾ സ്ഥാപിക്കാൻ സ്വകാര്യ മേഖലയിൽ ധനസഹായം നൽകുന്നതിന് ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിയും കയറ്റുമതി വർദ്ധനവ് ലക്ഷ്യമിടുന്നതാണ്. ഉൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണം പരിശീലനം ഗവേഷണം എന്നീ മേഖലകളിൽ വികസനം നൽകി കയറ്റുമതി വർദ്ധിപ്പിക്കാനും ശ്രമിക്കുന്നു. ഇതിനായി ദേശീയ കയർ ഗവേഷണ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ നടപടി സ്വീകരിച്ചു വരുന്നു. പത്താം പഞ്ചവത്സരപദ്ധതി മുതൽ നടപ്പാക്കി വരുന്ന കമ്പ്യൂട്ടർ എയിഡഡ് ഡിസൈൻ സെന്റർ സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി, പൊതു സൗകര്യ സേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്ന പദ്ധതി നിയന്ത്രിത യന്ത്രവൽക്കണം തുടങ്ങിയ എല്ലാ പുതിയ പദ്ധതികളും കയറ്റുമതി വർദ്ധിപ്പിക്കാൻ ഉദ്ദേശിച്ചിട്ടുള്ളവയാണ്.

(ബി) കേരള സ്റ്റേറ്റ് കയർ കോർപ്പറേഷനും 43%വും ഫോർമാറ്റിംഗ്സ് ഇൻഡ്യാ ലിമിറ്റഡിന് 10.86 ശതമാനവും കയർഫെഡിന് 21%വും കയറ്റുമതി വർദ്ധനവും 2002–03 സാമ്പത്തിക വർഷത്തിൽ ഉണ്ടായി.

## ചന്ദന മാഫിയകളുടെ പ്രവർത്തനം തടയുന്നതിന് സ്വീകരിച്ച നടപടി

**80. ശ്രീ. എം. കുമാരൻ:**

ശ്രീ. ബിനോയ് വിശ്വം:

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് വൻതോതിൽ ചന്ദനക്കൊള്ളയും അനധികൃത ചന്ദനതൈല ഉൽപാദനവും നടക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ചന്ദനമാഫിയകളുടെ പ്രവർത്തനം തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(സി) സംസ്ഥാനത്ത് അനധികൃത ചന്ദനതൈല ഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ എത്രയെണ്ണം;

(ഡി) ഇത്തരം അനധികൃത ഫാക്ടറികൾക്കെതിരെ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാം;

(ഇ) കഴിഞ്ഞ ഇരുപത്തിയഞ്ച് മാസക്കാലത്തിനിടയിൽ എത്ര രൂപയുടെ ചന്ദനതൈലം മോഷണം നടന്നിട്ടുണ്ട്; ഇതിനെക്കുറിച്ചുള്ള അന്വേഷണത്തിന്റെ പുരോഗതി വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീകെ. സുധാകരൻ (വനവും സ്പോർട്ട്സും വകുപ്പു മന്ത്രി):-**

(എ) ഉണ്ട്.

(ബി) ചന്ദനം സംരക്ഷിക്കുന്നതിന്റെ ഭാഗമായി 2001ൽ മറയൂർ ഭാഗത്തെ റിസർവ് വനത്തിലുള്ള ചന്ദന മരങ്ങൾ എണ്ണിത്തിട്ടപ്പെടുത്തിയിട്ടുണ്ട്. വനസംരക്ഷണം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാന തലത്തിൽ 2 റാപ്പിഡ് ആക്ഷൻ ഫോഴ്സുകൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ചന്ദനക്കൊള്ള കർശനമായി തടയുന്നതിന്റെ മുന്നോടിയായി മൂന്നാർ ഡിവിഷനിൽ ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ചു പ്രവർത്തിക്കുന്നു. മൂന്നാർ ഡിവിഷന്റെ കീഴിൽ നിലവിലുള്ള ചെക്ക് പോസ്റ്റുകൾ കൂടാതെ മേത്താപ്പ്, എക്കോപോയിന്റ് എന്നീ സ്ഥലങ്ങളിൽ 2 ചെക്ക് പോസ്റ്റുകൾ പുതുതായി സ്ഥാപിക്കുകയും വണ്ണംതുറയിലും പാലപ്പെട്ടിയിലും കൂടുതൽ ജീവനക്കാരെ നിയോഗിച്ച് പിക്കറ്റിംഗ് സ്റ്റേഷനുകൾ ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സ്ത്രീകൾ ഉൾപ്പെട്ട കുറ്റകൃത്യങ്ങളിൽ വിശദപരിശോധനയ്ക്കായി വനിതാ വനം സംരക്ഷണ ജീവനക്കാരികളെ മറയൂർ റയിഞ്ചിന് കീഴിൽ നിയമിച്ചിട്ടുണ്ട്. രാത്രിയും പകലും കൂടുതൽ സ്റ്റാഫുകളെ നിയോഗിച്ച് പട്രോളിംഗ് ശക്തിപ്പെടുത്തിയിട്ടുണ്ട്. ഓപ്പറേഷൻ ഫ്രാഗ്രൻസ് എന്ന പേരിൽ ചന്ദനം കള്ളക്കടത്തുകാരെ പിടികൂടുന്നതിനുള്ള രഹസ്യ ദൗത്യവുമായി തീവ്ര പട്രോളിംഗും നടപ്പിലാക്കിയിട്ടുണ്ട്. ചന്ദന കള്ളക്കടത്ത് തടയുന്നതിന്റെ ആവശ്യകതയെക്കുറിച്ച് പൊതുജനങ്ങളെ ബോധവാൻമാരാക്കുന്ന മേൽനടപടികളുടെ ഭാഗമായി കള്ളക്കടത്ത് ഒരു പരിധി വരെ നിയന്ത്രിക്കാൻ സാധിച്ചിട്ടുണ്ട്.

(സി) ഉണ്ട്. 14 എണ്ണം.

(ഡി) അനധികൃത ഫാക്ടറികളുടെ ലൈസൻസ് റദ്ദ് ചെയ്യുവാൻ ബന്ധപ്പെട്ട വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഫാക്ടറികൾ റയിഡ് ചെയ്ത് കേസ് എടുക്കുകയും ഇവയുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും ചെയ്യുന്നു. ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നവ നിർത്തലാക്കുവാനായി ഹൈക്കോടതി ഉത്തരവിനെതിരെ റിവ്യൂ പെറ്റീഷൻ നൽകിയിട്ടുണ്ട്.

(ഇ) കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ 31,92,120 രൂപയുടെ ചന്ദനത്തൈലും മോഷണം പോയിട്ടുണ്ട്. തളിപ്പറമ്പിലെ ചന്ദനതൈല മോഷണം പോലീസ് ക്രൈം നമ്പർ 373/03 രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. ഒലവക്കോട് സ്ട്രോംഗ് റൂമിൽനിന്നും മോഷണം പോയത് സംബന്ധിച്ച് ക്രൈം നമ്പർ 431/02 ആയി കേസ് രജിസ്റ്റർ ചെയ്ത് ക്രൈംബ്രാഞ്ച് പോലീസ് അന്വഷണം നടത്തിവരുന്നു.

## മദ്യവിരുദ്ധ പ്രസ്ഥാനങ്ങൾക്ക് പ്രോൽസാഹനം

*81.. ശ്രീ. കെ. ബാബു :

ശ്രീ. വി.ഡി. സതീശൻ :

ശ്രീ. ജോർജ്ജ് ജെ. മാത്യു :

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :

പ്രൊഫസർ എ.ഡി. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യവിരുദ്ധ പ്രസ്ഥാനങ്ങൾക്ക് പ്രോൽസാഹനം നൽകുവാൻ ഉദ്ദേശ്യമുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം വിധത്തിലുള്ള പ്രോൽസാഹനങ്ങളാണ് നൽകുവാനുദ്ദേശിക്കുന്നതെന്ന് പറയുമോ

(സി) അവർക്ക് സാമ്പത്തിക സഹായം നൽകുന്നുണ്ടോ ;

(ഡി) എങ്കിൽ അതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം ;

(ഇ) മദ്യവിരുദ്ധ പ്രസ്ഥാനങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടിവരുന്ന ചെലവ് ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. കെ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി):-**

(എ) ഉണ്ട്.

(ബി) മദ്യപാനത്തിനെതിരെ ബോധവൽക്കരണത്തിന് സാമ്പത്തികസഹായം നൽകിക്കൊണ്ടുള്ള പ്രോൽസാഹനം

(സി) ഉണ്ട്.

(ഡി) മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ടവരെ പുനരധിവസിപ്പിക്കുന്ന രംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകൾക്ക് മുൻഗണന നൽകിക്കൊണ്ടോണ് ഈ പദ്ധതി നടപ്പാക്കുന്നത്. അത്തരത്തിലുള്ള സംഘടനകൾ നൽകുന്ന പ്രോജക്ടുകളിൽ അർഹമായവ തിരഞ്ഞെടുത്ത് എസ്റ്റിമേറ്റ് തുകയുടെ 50% ആദ്യഗഡുവായി അനുവദിക്കുന്നു. ആദ്യഗഡു ഫലപ്രദമായി വിനിയോഗിച്ചു എന്ന ബന്ധപ്പെട്ട ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് അടുത്ത ഗഡു അനുവദിക്കുന്നത്.

(ഇ) ഇതിനുവേണ്ടി ബഡ്ജറ്റിൽ 5 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

## വിദേശ മദ്യ നയം

*82. ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിദേശമദ്യനയത്തിൽ വരുത്തിയ മാറ്റങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) നയം നടപ്പാക്കുന്നതിന്റെ ഭാഗമായി നിയമത്തിലും ചട്ടത്തിലും എന്തൊക്കെ മാറ്റങ്ങൾ വരുത്തിയെന്നുള്ളതിന്റെ ഉത്തരവുകൾ ലഭ്യമാക്കുമോ;

(സി) സ്വകാര്യമേഖലയിൽ ബിയർപാർലറുകൾ അനുവദിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിനുള്ള മാനദണ്ഡം എന്താണെന്ന് വെളിപ്പെടുത്തുമോ;

(ഇ) വിനോദ സഞ്ചാര പ്രാധാന്യമുള്ള കേന്ദ്രങ്ങളിലും അവിടേക്കുള്ള പ്രധാന വഴികളിലും ബിയർ പാർലറുകൾ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) എങ്കിൽ എവിടെയൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീ. കെ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി) :-**

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിദേശമദ്യ നയത്തിൽ താഴെപ്പറയുന്ന മാറ്റങ്ങൾ വരുത്തി:

(1) എഫ്.എൽ.3 ലൈസൻസുകൾ പുതിയതായി നൽകുന്നത് ത്രീ സ്റ്റാറിനും അതിനു മുകളിലും പദവിയുള്ള ഹോട്ടലുകൾക്കും ഹെറിറ്റേജ് ഹോട്ടലുകൾക്കും മാത്രമായി പരിമിതപ്പെടുത്തി.

(2) പുതിയ എഫ്.എൽ.4 എ(ക്ളബ്) ലൈസൻസ് നൽകുവാൻ തീരുമാനിച്ചു.

(3) കെ.റ്റി.ഡി.സിക്ക് വൈൻ/ബിയർ പാർലർ അനുവദിക്കാൻ തീരുമാനിച്ചു.

(4) വിനോദസഞ്ചാര കേന്ദ്രങ്ങളിൽ വൈൻ/ബിയർ പാർലർ അനുവദിക്കാൻ തീരുമാനിച്ചു.

(5) ബാർ ലൈസൻസുകളുടെ കൈമാറ്റം നിർത്തൽ ചെയ്തു.

(6) എല്ലാ ഇംഗ്ളീഷ് മാസം ഒന്നാം തീയതിയും എല്ലാ മദ്യവിൽപ്പനശാലകളും അടച്ചിടുവാൻ തീരുമാനിച്ചു.

(7) ബാർ ലൈസൻസ് ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേക്ക് മാറ്റുമ്പോൾ പുതിയ ലൈസൻസ് ലഭിക്കുന്നതിനുള്ള എല്ലാ യോഗ്യതയും വേണമെന്ന് തീരുമാനിച്ചു.

(ബി) നിയമത്തിലും ചട്ടത്തിലും മാറ്റം വരുത്തിക്കൊണ്ട് പുറപ്പെടുവിച്ച 24.3.03-ലെയും 25.3.03-ലെയും സർക്കാർ ഉത്തരവുകൾ 49/2003/നി.വ.50/2003/നി.വ എന്നിവയുടെ പകർപ്പുകൾ ഇതോടൊപ്പം ചേർക്കുന്നു.

(സി) തിരഞ്ഞെടുക്കപ്പെട്ട വിനോദസഞ്ചാര കേന്ദ്രങ്ങളിൽ അർഹതപ്പെട്ടവർക്ക് ബിയർ പാർലറുകൾ അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ഡി) നിലവിലുള്ള ത്രീ സ്റ്റാറിനും അതിനു മുകളിലും നിലവാരമുള്ള ഹോട്ടലുകൾക്കും ക്ളാസിഫൈഡ് റസ്റ്റോറന്റുകൾക്കും മാത്രമേ ബിയർ പാർലറുകൾ അനുവദിക്കുകയുള്ളു.

(ഇ) തിരഞ്ഞെടുക്കപ്പെട്ട വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മാത്രമേ ബിയർ പാർലറുകൾ അനുവദിക്കുവാൻ തീരുമാനിച്ചിട്ടുള്ളൂ.

(എഫ്) ഇക്കാര്യം സർക്കാരിന്റെ വിശദമായ പരിശോധനയിലാണ്.

## കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച കയറ്റിറക്കുമതി നയം

*83. ശ്രീ. സാജു പോൾ :

ശ്രീ. കോടിയേരി ബാലകൃഷ്ണൻ :

ശ്രീ. വി.കെ.സി. മമ്മതുകോയ :

ശ്രീ. പി.സി. ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ പ്രഖ്യാപിച്ച കയറ്റിറക്കുമതി നയം സംസ്ഥാനത്തെ കാർഷികമേഖലയെ തകർക്കുന്നതാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ നിലപാട് കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ;

(സി) 2003-2004-ൽ കേന്ദ്രസർക്കാർ പ്രഖ്യാപിച്ച കയറ്റിറക്കുമതി നയത്തിൽ ഏതെല്ലാം കാർഷിക ഉല്പന്നങ്ങളുടെ ഇറക്കുമതി നിയന്ത്രണമാണ് ഒഴിവാക്കിയിട്ടുള്ളത്;

(ഡി) ഇതു കേരളത്തിലെ കാർഷിക മേഖലയെ എപ്രകാരം ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഇ) ഇറക്കുമതി നയം സംസ്ഥാനത്തെ സുഗന്ധവ്യഞ്ജന കർഷകരെ കൂടുതൽ പ്രതിസന്ധിയിലാക്കിയിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിന് പരിഹാരം കാണാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) കേന്ദ്ര സർക്കാരിന്റെ കയറ്റിറക്കുമതി നയം കയറ്റുമതി കുറയാനും ഇറക്കുമതി വർദ്ധിക്കുവാനും ഇടവരുത്തുമെന്നും തൻമൂലം വൻതോതിലുള്ള കാർഷിക ഉൽപ്പന്നങ്ങളുടെ ഇറക്കുമതി സംസ്ഥാനത്തെ കാർഷികമേഖലയെ കൂടുതൽ പ്രതിസന്ധിയിലാഴ്ത്തുമെന്നുമുള്ള വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) എങ്കിൽ പ്രതികൂലമായി ബാധിക്കുന്ന കയറ്റിറക്കുമതിനയം പുനപ്പരിശോധിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെടുമോ ?

**ഉത്തരം**

**ശ്രീമതി കെ.ആർ ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി) :-**

(എ) ആഗോളവൽക്കരണത്തിന്റെ ഭാഗമായി കേന്ദ്രസർക്കാർ പ്രഖ്യാപിച്ച കയറ്റിറക്കുമതിനയം കേരളത്തിന്റെ കാർഷിക മേഖലയെ സാരമായി ബാധിക്കുന്നുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സാരമായി ബാധിക്കുന്ന കാര്യങ്ങളിൽ കേന്ദ്രത്തെ സംസ്ഥാനത്തിന്റെ നിലപാട് അറിയിച്ചിട്ടുണ്ട്.

(സി) ശ്രീലങ്കയിൽ നിന്നും കുരുമുളക് ഇറക്കുമതി ചെയ്യുന്നതിനുള്ള ഇറക്കുമതി ചുങ്കം എടുത്തുകളഞ്ഞിട്ടുണ്ട്.

(ഡി) ഉണ്ട്. ഇറക്കുമതി ചെയ്യുന്ന താഴ്ന്ന നിലവാരമുള്ള കുരുമുളക് നമ്മുടെ കുരുമുളകുമായി കൂട്ടിക്കലർത്തുന്നതിനാൽ നമ്മുടെ കുരുമുളകിന് അന്താരാഷ്ട്ര മാർക്കറ്റിൽ വില ഇടിയുന്നതിന് ഇടയാക്കുന്നു.

(ഇ) ഉണ്ട്. വിലയിടിവു മൂലം ബുദ്ധിമുട്ടുന്ന കർഷകർക്ക് ആശ്വാസമായി സംസ്ഥാനസർക്കാർ രൂപം നൽകിയിട്ടുള്ള പ്രത്യേക പാക്കേജ് പദ്ധതിപ്രകാരം കുരുമുളക് കർഷകർക്ക് ഉൽപ്പാദന ബോണസ്സായി ഹെക്ടർ ഒന്നിന് 500 രൂപ വീതം നൽകുന്നതിന് 5 കോടി രൂപ വകയിരുത്തി നടപ്പാക്കിവരുന്നു. ഇഞ്ചിയുടെ വാങ്ങൽ നികുതി ഒഴിവാക്കുന്നതിന് 3 കോടി രൂപ നീക്കിവച്ചു. ശ്രീലങ്കയിൽ നിന്നും കുരുമുളക് ഇറക്കുമതി ചെയ്യുന്നതിനുള്ള നിയന്ത്രണം എടുത്തുകളഞ്ഞത് പുനപ്പരിശോധിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുമുണ്ട്.

(എഫ്) ഉണ്ട്.

(ജി) സംസ്ഥാനത്തെ പ്രതികൂലമായി ബാധിക്കുന്ന നയങ്ങൾ പുനപ്പരിശോധിക്കണമെന്ന് സംസ്ഥാന സർക്കാർ നിരന്തരം കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടുവരുന്നു.

## വ്യാജമദ്യ വിൽപ്പന തടയുന്നതിനുള്ള നടപടി

*84. ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാജമദ്യ വിൽപ്പന തടയുന്നതിന്റെ ഭാഗമായി കള്ളുഷാപ്പുകൾ ലൈസൻസിൽ പോകാത്ത സ്ഥലങ്ങളിൽ വിദേശമദ്യഷാപ്പുകൾ അനുവദിക്കാൻ പദ്ധതിയുണ്ടോ;

(ബി) വ്യാപകമായി വ്യാജമദ്യവിൽപ്പന തടയുന്നതിന് ജാഗ്രത കാണിക്കാത്ത എക്സൈസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

**ഉത്തരം**

**ശ്രീ. കെ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി) :-**

(എ) പുതിയ വിദേശമദ്യ ഷാപ്പുകൾ ആരംഭിക്കുന്നതിനുള്ള ഒരു നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ട്. ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുത്തിട്ടില്ലാത്ത സാഹചര്യത്തിൽ ഷാപ്പുകൾ തുടങ്ങുന്നതിന്റെ മാനദണ്ഡങ്ങളെക്കുറിച്ച് ഇപ്പോൾ പറയാനാവില്ല.

(ബി) വ്യജമദ്യ വിൽപ്പന തടയുന്നതിന് ജാഗ്രത കാണിക്കാത്ത എക്സൈസ് ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിച്ചിട്ടുണ്ട്.

## മൂല്യവർദ്ധിത നികുതി (വാറ്റ്) സമ്പ്രദായം നടപ്പിലാക്കാത്തതുകൊണ്ട് നികുതി പിരിവിൽ വരുത്താനുദ്ദേശിക്കുന്ന മാറ്റങ്ങൾ

*85. ശ്രീ. മത്തായി ചാക്കോ :
ഡോക്ടർ തോമസ് ഐസക് :
ശ്രീ. ടി.കെ. ബാലൻ :
ശ്രീ. ടി.പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂല്യവർദ്ധിത നികുതി (വാറ്റ്) സമ്പ്രദായം നടപ്പാക്കാനുള്ള തീരുമാനം കേന്ദ്രസർക്കാർ മാറ്റിവച്ചതിന്റെ അടിസ്ഥാനത്തിൽ 2003-2004-ലെ സംസ്ഥാന ബഡ്ജറ്റിലെ നികുതി പിരിവ് സംബന്ധിച്ച് എന്തെല്ലാം മാറ്റം വരുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) അധികവിൽപ്പന നികുതി ചുമത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) എന്നുമുതൽ വാറ്റ് സമ്പ്രദായം നടപ്പാക്കാനായിരുന്നു ലക്ഷ്യമിട്ടത് ;

(ഇ) യഥാസമയം നടപ്പാക്കാത്തതിന്റെ ഫലമായി നികുതിയിനത്തിൽ ലഭിക്കേണ്ട വരുമാനത്തിൽ കുറവ് വന്നിട്ടുണ്ടോ ;'

(എഫ്) 2003-2004-ലെ ബഡ്ജറ്റിൽ എത്രകോടി രൂപയുടെ അധികവരുമാനമാണ് പ്രതീക്ഷിച്ചിരുന്നത് ;

(ജി) വാറ്റ് നടപ്പാക്കിയാൽ എന്തു തുകയുടെ നഷ്ടം സംസ്ഥാനത്തിനുണ്ടാകുമെന്നാണ് കണക്കാക്കിയിരുന്നത്?

**ഉത്തരം**

**ശ്രീ. കെ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി) :-**

(എ) മൂല്യവർദ്ധിത നികുതി സമ്പ്രദായം നിലവിൽ വരുമെന്ന ഉത്തമ വിശ്വാസത്തിലാണ് 2003-2004-ലെ ബഡ്ജറ്റ് പ്രകാരം നികുതി പിരിവ് തീരുമാനിച്ചത്. മൂല്യവർദ്ധിത നികുതിനിയമം നടപ്പിലാക്കുമെന്നും നഷ്ടം കേന്ദ്രസർക്കാർ നികത്തുമെന്നുമുള്ള ധാരണയിൽ പൊതുവിൽപ്പന നികുതി പുതുക്കുകയുണ്ടായില്ല. ആയതിനാൽ അധിക വിൽപ്പന നികുതി പുന:സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്.

(സി) മൂല്യവർദ്ധിത നികുതിസമ്പ്രദായം 1.4.2003-മുതൽ വരുമെന്നുള്ള തീരുമാനത്തിൽ നിലനിന്നിരുന്ന അധികവിൽപ്പന നികുതി പുതുക്കുകയുണ്ടയിട്ടില്ല. ആയതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) എല്ലാ ദക്ഷിണേൻഡ്യൻ സംസ്ഥാനങ്ങളിലും 1.4.2003 മുതൽ വാറ്റ് നടപ്പിൽ വരുത്തുവാനാണ് ആദ്യം തീരുമാനിച്ചത്. അത് പിന്നീട് 1.6.2003-ലേക്ക് മാറ്റുകയുണ്ടായി.

അതിനുശേഷം സംസ്ഥാനത്ത് വാറ്റ് എന്നു നടപ്പാക്കണമെന്നുള്ള നിർദ്ദേശം ഉന്നതാധികാര കമ്മിറ്റിയിൽ നിന്നും ലഭിച്ചിട്ടില്ല.

(ഇ) അധികവില്പ്പന നികുതിയിൽ നിന്നുള്ള വരുമാനത്തിൽ കുറവ് ഉണ്ടായിട്ടുണ്ട്.

(എഫ്) 2003–2004 വർഷത്തിൽ നികുതി ഇനത്തിൽ 6500 കോടി രൂപ പിരിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. 2002–2003 വർഷത്തിൽ 5380.83 കോടി രൂപയാണ് നികുതിയിനത്തിൽ പിരിഞ്ഞുകിട്ടിയത്.

(ജി) ഏകദേശം 1100 കോടി രൂപയുടെ നഷ്ടം സംസ്ഥാനത്തിനുണ്ടാകുമെന്നാണ് കണക്കാക്കിയിരുന്നത്.

## സർക്കാർ ജീവനക്കാരുടേയും അദ്ധ്യാപകരുടേയും ശമ്പളപരിഷ്ക്കരണം

*86. ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. സ്റ്റീഫൻ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടേയും അദ്ധ്യാപകരുടേയും ശമ്പള പരിഷ്ക്കരണം നടപ്പാക്കുന്നതിനായി ശമ്പള പരിഷ്ക്കരണ കമ്മിഷനെ നിയമിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എന്നത്തേക്ക് നിയമിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) എത്ര വർഷം കഴിയുമ്പോഴാണ് ജീവനക്കാർക്കുള്ള ശമ്പളപരിഷ്ക്കരണം നടപ്പാക്കിക്കൊണ്ടിരിക്കുന്നത്;

(ഡി) ഇടക്കാലാശ്വാസം നൽകുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

**ഉത്തരം**

**ശ്രീ. കെ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി) :-**

(എ) &(ബി) ശമ്പള പരിഷ്ക്കരണം നടപ്പാക്കുന്നത് സംബന്ധിച്ച് നയപരമായ തീരുമാനം ആവശ്യമാണ്. ഇക്കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല.

(സി) ജീവനക്കരുടെ ശമ്പള പരിഷ്ക്കരണം

| | |
|---|---|
| 01..01..1966 | 01..07..1968 |
| 01. 07.1973 | 01..07..1978 |
| 01. 07.1983 | 01..07.1988 |
| 01.03.1992 | 01..03.1997 |

എന്നീ തീയതികളിൽ നടത്തിയിട്ടുണ്ട്.

(ഡി) ഇക്കാര്യത്തിൽ നയപരമായ തീരുമാനം ആവശ്യമാണ്. ഈ വിഷയം സർക്കാരിന്റെ പരിഗണനയിലില്ല.

## കാർഷികമേഖലയുടെ സമഗ്രപുരോഗതിക്കുള്ള നടപടികൾ

*87. ശ്രീ. ഷിബു ബേബിജോൺ :
ശ്രീ. കെ.കെ. ഷാജു :
ശ്രീ. ഉമേഷ് ചള്ളിയിൽ :
ശ്രീ. എ.എൻ. രാജൻബാബു :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ പ്രധാനപ്പെട്ട കാർഷികവിളകൾക്കുണ്ടായിട്ടുള്ള മെച്ചപ്പെട്ട വിലയുടെ കാരണം വിശദമാക്കാമോ;

(ബി) കാർഷികമേഖലയുടെ സമഗ്രപുരോഗതിക്ക് ഈ ഗവൺമെന്റ് എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) കാർഷികമേഖലയുടെ സമഗ്രപുരോഗതിക്ക് എന്തൊക്കെ പുതിയ പദ്ധതികളാണ് ആരംഭിക്കാൻ പോകുന്നതെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീമതി ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി) :-**

(എ) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ മിക്ക കാർഷിക ഉൽപ്പന്നങ്ങൾക്കും നിലവിലുണ്ടായിരുന്ന വിലനിലവാരം കഴിഞ്ഞ ഏതാനും വർഷങ്ങളിലെ ഏറ്റവും കുറഞ്ഞ വിലയായിരുന്നു. സ്വാഭാവികമായ കാരണങ്ങൾക്കുപുറമെ സർക്കാർ നടപ്പിലാക്കിയ സ്പെഷ്യൽ പാക്കേജ് പദ്ധതിയും വിള സംഭരണം വഴിയുള്ള വിപണി ഇടപെടൽ നടപടികളും കാർഷികവിളകളുടെ വില മെച്ചപ്പെടാൻ സഹായിച്ചിട്ടുണ്ട്. .

(ബി) നടപ്പു വർഷത്തിൽ കൃഷിവകുപ്പു നടപ്പാക്കിവരുന്നതും നടപ്പാക്കാനുദ്ദേശിക്കുന്നതുമായ പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി കൊടുത്തിട്ടുണ്ട്. കൂടാതെ വിവരസാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി കാർഷിക മേഖലയെ സംബന്ധിക്കുന്ന വിവരങ്ങൾ സാറ്റ്ലൈറ്റ് വഴി അപ്പപ്പോൾ കാർഷിക സമൂഹത്തിന് ലഭ്യമാക്കുന്നതിനായി കിസാൻ എന്ന പൈലറ്റ് പദ്ധതിയും നടപ്പാക്കാനാരംഭിച്ചിട്ടുണ്ട്. സ്പെഷ്യൽ പാക്കേജ് പ്രകാരം നീക്കിവച്ച 95 കോടിരൂപയുടെ പദ്ധതികളിൽ നടപ്പാക്കാൻ ബാക്കിയുള്ള അടയ്ക്ക സംഭരണം, കാപ്പിയും കുരുമുളകിനുമുള്ള ഉൽപ്പാദന ബോണസ്, കൊപ്രയേറുകൾ സ്ഥാപിക്കാൻ തുടങ്ങിയ പദ്ധതികളും പൂർത്തിയാക്കിവരുന്നു.

കേരളത്തിലെ വിവിധതരം മണ്ണിനെപ്പറ്റി പഠിച്ച് ഓരോ പ്രദേശത്തിനും അനുയോജ്യമായ കൃഷിയും കൃഷിരീതിയും അവലംബിക്കാൻ കർഷകരെ സഹായിക്കുന്നതിനായി പഞ്ചായത്തു തലത്തിൽ സോയിൽമാപ്പ് തയ്യാറാക്കുന്ന നടപടികൾ ഭൂവിനിയോഗബോർഡ്, മണ്ണുഗവേഷണ വിഭാഗം, കാർഷിക സർവ്വകലാശാല, ഭൂജലവകുപ്പ് എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ നടന്നുവരുന്നു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പാലക്കാട് എന്നീ ജില്ലകളുടെ സോയിൽമാപ്പ് തയ്യാറായിക്കഴിഞ്ഞു. മണ്ണുസംരക്ഷണവിഭാഗം വാട്ടർഷെഡ് അധിഷ്ഠിത വികസന സമീപനത്തോടെ നബാർഡിന്റെ സഹായത്തോടെയുള്ള വാട്ടർഷെഡ് വികസനപദ്ധതി, ദേശീയ വാട്ടർഷെഡ് വികസന പദ്ധതി, കബനി നദീതടസംരക്ഷണ പദ്ധതി, ഉരുൾപൊട്ടൽ സാദ്ധ്യതയുള്ള പ്രദേശങ്ങളുടെ സംരക്ഷണ പദ്ധതി തുടങ്ങിയവ നടപ്പാക്കിവരുന്നു.

(സി) നടപ്പു സാമ്പത്തിക വർഷം ആരംഭിക്കാൻ പോകുന്ന പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. പൈനാപ്പിൾ, നേന്ത്രക്കായ്, പച്ചക്കറികൾ എന്നിവയ്ക്ക് അഗ്രി-എക്സ്പോർട്ട് സോൺ സ്ഥാപിക്കൽ.
2. തോട്ടവിളകൾക്കുള്ള ഉന്നതതല കമ്മിറ്റി രൂപീകരിക്കുക
3. സൈലന്റ് വാലി ബയോസ്ഫിയർ മുതൽ വയനാട് വരെയുള്ള പ്രദേശങ്ങളിൽ ഔഷധ വ്യവസായത്തെ സഹായിക്കുന്നതിനുവേണ്ടി ഹെർബൽബയോവാലി ആയി വികസിപ്പിക്കുക
4. കേരളത്തിന്റെ തനതായ വിളകൾക്ക് ജിയോഗ്രഫിക്കൽ ഇൻഡിക്കേഷന്റെ സംരക്ഷണം നേടിയെടുക്കൽ
5. വെർചൽ യൂണിവേഴ്സിറ്റി സ്ഥാപിക്കൽ .
6. കേന്ദ്രഗവൺമെന്റിന്റെ മാക്രോമാനേജ്മെന്റ് പരിപാടി നടപ്പിലാക്കൽ
7. ഡോ. ചോപ്രാ കമ്മിറ്റി തയ്യാറാക്കി നൽകിയിട്ടുള്ള ജൈവസാങ്കേതിക വിദ്യയും വിവര സാങ്കേതിക വിദ്യയും പ്രയോജനപ്പെടുത്തി വിളകളുടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ..

## <u>പഴം-പച്ചക്കറികളുടെ കയറ്റുമതി</u>

*88. ശ്രീ. എ. സുജനപാൽ :
ശ്രീ. എം.കെ. പോൾസൺ മാസ്റ്റർ :
ശ്രീ. വി. ബാലറാം :
ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുനിന്നും പച്ചക്കറികളും ഫലവർഗ്ഗങ്ങളും കയറ്റുമതി ചെയ്യുന്നുണ്ടോ ; എങ്കിൽ പ്രതിവർഷം എത്രവീതം കയറ്റുമതി ചെയ്യുന്നു;

(ബി) ഈ ഇനത്തിൽ എന്തു തുക നേടാൻ കഴിയുന്നുണ്ട്;

(സി) സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറി വർഗ്ഗങ്ങളാണോ പുറത്തുനിന്നു വാങ്ങുന്നവയാണോ കയറ്റുമതി ചെയ്യുന്നത് ;

(ഡി) പഴം-പച്ചക്കറി വർഗ്ഗങ്ങളുടെ കയറ്റുമതി വർദ്ധിപ്പിക്കുവാൻ എന്തെല്ലാം നടപടികളെടുക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

<u>**ഉത്തരം**</u>

**ശ്രീമതി കെ.ആർ. ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി) :-**

(എ) ഉണ്ട്. 2002-2003 സാമ്പത്തിക വർഷം 22623.19 മെട്രിക്ടൺ പച്ചക്കറിയും 23.19 മെട്രിക് ടൺ പഴവർഗ്ഗങ്ങളും കേരളത്തിൽ നിന്നും കയറ്റുമതി ചെയ്തിട്ടുണ്ട്.

(ബി) പച്ചക്കറി കയറ്റുമതിയിലൂടെ 13554.11 ലക്ഷം രൂപയും പഴവർഗ്ഗ കയറ്റുമതിയിലൂടെ 74.97 ലക്ഷം രൂപയും ഉൾപ്പെടെ 13629.08 ലക്ഷം രൂപയുടെ വിദേശനാണ്യം നേടാൻ കഴിഞ്ഞിട്ടുണ്ട്.

(സി) ഇപ്പോൾ സംസ്ഥാനത്തുനിന്നും കയറ്റി അയയ്ക്കുന്ന പച്ചക്കറിയുടെ 68 ശതമാനവും പഴവർഗ്ഗങ്ങളുടെ 57 ശതമാനവും അയൽ സംസ്ഥാനമായ തമിഴ്നാട്, കർണ്ണാടക എന്നിവിടങ്ങളിൽ നിന്നു കൊണ്ടുവന്നാണ് കയറ്റുമതി ചെയ്യുന്നത്.

(ഡി) ലോകവ്യാപാര സംഘടന നിലവിൽ വന്നതിന്റെ അടിസ്ഥാനത്തിൽ കാർഷിക മേഖലയിൽ കയറ്റുമതി പ്രോൽസാഹിപ്പിക്കുന്നതിലേക്കായി കേന്ദ്രസർക്കാരിന്റെ എക്സിം പോളിസിയുടെ ഭാഗമായി കാർഷിക കയറ്റുമതി മേഖലകൾ രൂപീകരിക്കുവാൻ തീരുമാനിക്കുകയും ആദ്യത്തെ കാർഷിക കയറ്റുമതി മേഖല പച്ചക്കറി, പഴം, കൈതച്ചക്ക എന്നിവക്കായി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. 2003 മാർച്ച് 5–ാം തീയതി ഇതിലേക്കായി കേന്ദ്രസർക്കാരുമായി സംസ്ഥാനസർക്കാർ ധാരണാപത്രം ഒപ്പിടുകയുണ്ടായി. കൃഷിഡയറക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായ കാർഷിക കയറ്റുമതി മേഖലയുടെ നടത്തിപ്പിലേക്കായി മൂന്ന് കൃഷി ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട് അഗ്രി എക്സ്പോർട്ട് സോൺ സെൽ കൃഷി ഡയറക്ടറേറ്റിൽ രൂപീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം മുതൽ പാലക്കാട് വരെയുള്ള 9 ജില്ലകളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

എല്ലാ ആധുനിക സാങ്കേതിക വിദ്യകളും ഉപയോഗിച്ച് 3000 ഹെക്ടർ സ്ഥലത്ത് വാഴക്കൃഷി വ്യാപിപ്പിക്കുക, 500 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി അധികമായി പ്രോൽസാഹിപ്പിക്കുക, 500 ഹെക്ടർ സ്ഥലത്ത് കൈതച്ചക്ക കൃഷി വ്യാപിപ്പിക്കുക എന്നിവയും ഇതിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങളാണ്.

വിത്ത്, നടീൽ വസ്തു എന്നിവയുടെ ഉൽപ്പാദനം, ടിഷ്യൂകൾച്ചർ തൈകളുടെ പരിപാലനം എന്നിവ ലക്ഷ്യമിട്ട് ആധുനിക സംവിധാനങ്ങളോടുകൂടിയ 9 ജില്ല നഴ്സറികൾ രൂപീകരിക്കാനും പരിപാടിയുണ്ട്.

10 ഹെക്ടർ വീതം വിസ്തൃതിയുള്ള 50 വാണിജ്യ ഫാമുകൾ രൂപീകരിക്കുക,4000 ഹെക്ടർ സ്ഥലത്ത് സംയോജിത സസ്യസംരക്ഷണം നടപ്പിലാക്കുക, മണ്ണ്, ജലം, ഇല എന്നിവയുടെ പരിശോധനയ്ക്കായി ഒരു കേന്ദ്ര പരിശോധനാ ലാബോറട്ടറി സ്ഥാപിക്കുക, ആധുനിക സാങ്കേതിക സൗകര്യമുള്ള 4 പാക്കേജ് ഹൗസുകൾ ഉണ്ടാക്കുക, ഗതാഗതത്തിനായി 8 റീഫർട്രക്കുകൾ വാങ്ങുക, കടൽമാർഗ്ഗം കയറ്റുമതി പ്രോൽസാഹിപ്പിക്കുന്നതിനായി മോഡിഫൈഡ് അറ്റ്മോസ്ഫിയറിക് കണ്ടയിനർ സംവിധാനമേർപ്പെടുത്തുക, ലോകനിലവാരത്തിലുള്ള എല്ലാ വിവരങ്ങളും കർഷകർക്കും കയറ്റുമതിക്കാർക്കും, ഉദ്യോഗസ്ഥർക്കും ലഭ്യമാക്കുന്നതിനുള്ള വിവര വിനിമയ കേന്ദ്രങ്ങൾ സ്ഥാപിക്കുക, കയറ്റുമതി മേഖലയിലെ വിളകളുമായി ബന്ധപ്പെട്ട ഗവേഷണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക, വിദേശങ്ങളിൽ നടക്കുന്ന കാർഷിക വിപണന പ്രദർശന മേളകളിൽ പങ്കെടുക്കുക എന്നിവയും കാർഷിക കയറ്റുമതി മേഖലയിൽ വരുന്ന പ്രവർത്തനങ്ങളാണ്.

## ഫോറിൻ ഡയറക്ട് ഇനത്തിലുള്ള നിക്ഷേപം

*89. ശ്രീ. ജോർജ്ജ് ജെ. മാത്യു :

ശ്രീ. എ.കെ. മണി :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ സംസ്ഥാനത്ത് ഫോറിൻ ഡയറക്ട് ഇൻവെസ്റ്റ്മെന്റ് ഇനത്തിൽ എന്തു തുകയുടെ നിക്ഷേപം ഉണ്ടായിട്ടുണ്ട്;

(ബി) ഇത് ഇൻഡ്യയിൽ ഒട്ടാകെയുണ്ടായ ഫോറിൻ ഡയറക്ട് ഇൻവെസ്റ്റ്മെന്റിന്റെ എത്ര ശതമാനം വരും; സംസ്ഥാനത്ത് കൂടുതൽ ഫോറിൻ ഡയറക്ട് ഇൻവെസ്റ്റ്മെന്റ് ഉണ്ടാകുവാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്?

**ഉത്തരം**

**ശ്രീ. കെ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി):-**

(എ) ആഗസ്റ്റ് 1991 മുതൽ ജനുവരി 2003 വരെയുള്ള കാലത്ത് കേരളത്തിൽ വിദേശസഹകരണത്തിനും പ്രത്യക്ഷ വിദേശനിക്ഷേപത്തിനോ വേണ്ടിയുള്ള 282 അപേക്ഷകളാണ് കേന്ദ്രസർക്കാരിന് ലഭിച്ചിട്ടുള്ളത്. ഇവയുടെ എല്ലാംകൂടി ആകെ പ്രതീക്ഷിക്കുന്ന വിദേശ നിക്ഷേപം 1530.23 കോടി രൂപയാണ്.

(ബി) ഏകദേശം 0.54% വിവിധ മന്ത്രിമാരുടെ നേതൃത്വത്തിൽ വിദേശയാത്രകൾ നടത്തി വിദേശ /പ്രവാസി നിക്ഷേപകരെ കേരളത്തിലേക്ക് ആകർഷിച്ചുവരുന്നുണ്ട്. ആഗോള നിക്ഷേപക സമ്മേളനത്തിന്റെ ഭാഗമായി വിദേശ രാജ്യങ്ങളിൽ ഉന്നതതല സംഘങ്ങൾ സന്ദർശനം നടത്തുകയും, റോഡ്ഷോകൾ സംഘടിപ്പിക്കുകയും ഉണ്ടായി. കൂടാതെ വിദേശത്തു നടക്കുന്ന ടൂറിസം വ്യവസായ മേളകൾ, പ്രവാസി മലയാളികളുടെ സമ്മേളനം

തുടങ്ങിയവയിൽ കേരളത്തിന്റെ പ്രതിനിധി പങ്കെടുക്കുകയും കേരളത്തിന്റെ വിവിധ മേഖലകളിലെ കരുത്തും നിക്ഷേപ സാദ്ധ്യതകളും വിദേശികളിൽ എത്തിക്കുകയും ചെയ്യുന്നു.

## <u>വനങ്ങളിൽ വീണുകിടന്നു നശിക്കുന്ന തടികൾ</u>

*90. ശ്രീ. സ്റ്റീഫൻ ജോർജ്ജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനങ്ങളിൽ കോടിക്കണക്കിനു രൂപ വിലമതിക്കുന്ന തടികൾ വീണുകിടന്ന് നശിച്ചുപോകുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം നശിച്ചുകൊണ്ടിരിക്കുന്ന തടികൾ എത്രകോടിരൂപയുടേതുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) ഇവ ശേഖരിച്ച് സർക്കാർ തടി ഡിപ്പോകളിലൂടെ വിൽക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>**ഉത്തരം**</u>

**ശ്രീ. കെ. സുധാകരൻ (വനവും സ്പോർട്സും വകുപ്പുമന്ത്രി):-**

(എ) ഉണ്ട്.

(ബി) കൃത്യമായി കണക്കാക്കിയിട്ടില്ല.

(സി) സംരക്ഷിത മേഖലകളൊഴികെയുള്ള വനഭാഗങ്ങളിൽ നിന്നും ശേഖരണ ചെലവിനേക്കാൾ കൂടുതൽ വില കിട്ടാവുന്നതായ വീണുകിടക്കുന്ന മരങ്ങൾ വർക്കിംഗ് പ്ളാനിലെ വ്യവസ്ഥകൾക്കനുസൃതമായി തടി ഡിപ്പോകളിലിറക്കി വിപണനം ചെയ്യാൻ നടപടി സ്വീകരിക്കുന്നുണ്ട്.